# ഡിജിറ്റൈസേഷനും അക്കൗണ്ടിങ്ങും

CII
Confederation of Indian Industry
Digital Saksham

# സൂചിക

1. അക്കൗണ്ടന്സി
2. ബുക്ക് കീപ്പിങ്
3. അക്കൗണ്ടിങ് സോഫ്റ്റ്വെയര്
4. എം.എസ്.എം.ഇക്ക് വേണ്ടിയുള്ള ക്ലൗഡ് കമ്പ്യൂട്ടിങ്
5. ചരക്ക്-സേവന നികുതി (ജി. എസ്. ടി)
6. ഫൈനാന്സിലേക്കുള്ള ആക്സസ്- ഡിജിറ്റല് സമീപനം
7. ഡിജിറ്റല് സാമ്പത്തിക ഇടപാടുകള്

CII
Confederation of Indian Industry
Digital Saksham

# സൂചിക

8 ഉദ്യം രജിസ്ട്രേഷന്
9 പ്രധാന പാഠങ്ങള്

# പാഠ്യപദ്ധതി

ഈ മൊഡ്യൂള് പഠിതാവിനെ
അക്കൗണ്ടന്സി, ബുക്ക് കീപ്പിംഗ്
അക്കൗണ്ടിംഗ് സോഫ്റ്റ്വെയര്, ചരക്ക്-
സേവന നികുതി, ക്ലൗഡ് കമ്പ്യൂട്ടിങ്,
ഡിജിറ്റല് സമീപനമുപയോഗിച്ചുള്ള
ഫൈനാന്സിലേക്കുള്ള ആക്സസ് എന്നീ
ആശയങ്ങളെ പരിചയപ്പെടുത്തുന്നു.



# ലക്ഷ്യങ്ങള്/പ്രതീക്ഷകള്

- അക്കൗണ്ടന്സി, ബുക്ക് കീപ്പിങ്, ബിസിനസില് സൂക്ഷിച്ചിരിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടുകള് എന്നിവയെക്കുറിച്ച് പരിചയപ്പെടുത്തുക.
- പഠിതാക്കള്ക്ക് ഇന്ത്യയില് ലഭ്യമായിട്ടുള്ള അക്കൗണ്ടിങ് സോഫ്റ്റ്വെയറുകളുടെ പേരുകള് പരിചയപ്പെടാന് സാധിക്കുകയും അതില് ഏത് തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കാനും സാധിക്കും.
- ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്ന ആശയവും അതുമൂലം ബിസിനസിനുണ്ടാകുന്ന ഗുണങ്ങളും പരിചയപ്പെടുത്തുക.



CII
Confederation of Indian Industry
Digital Saksham

# ലക്ഷ്യങ്ങള്/പ്രതീക്ഷകള്

- ജി.എസ്.ടി എന്താണെന്നും വിവിധതരം ചരക്കുകള്ക്കും സേവനങ്ങള്ക്കുമുള്ള നിരക്ക് എന്താണെന്നും പഠിതാക്കളെ പരിചയപ്പെടുത്താനും അവരെ ചരക്ക്-സേവന നികുതിയില് (ജി.എസ്.ടി) ചേര്ക്കാനും സഹായിക്കുന്നു.
- ഡിജിറ്റല് ഫൈനാന്ഷ്യല് ഇന്ക്ലൂഷനെക്കുറിച്ചും ഫൈനാന്സിലേക്കുള്ള ഡിജിറ്റല് ആക്സസിന്റെ രീതികളെക്കുറിച്ചും പരിചയപ്പെടുത്തുക.





# ആവശ്യമായ സാമഗ്രികള്

- അക്കൗണ്ടിങ്, ഡിജിറ്റൈസേഷന്, ആക്കൗണ്ടിങ് ആന്റ് ഫൈനാന്സ് എന്ന മൊഡ്യൂളിന്റെ ഹാര്ഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും അസൈസ്മെന്റ് ഷീറ്റും.
- ഒഴിഞ്ഞ എ 4 പേപ്പറുകള്
- പ്രൊജക്ടര്
- ലാപ്പ്ടോപ്പ്
- വൈറ്റ്ബോര്ഡ്
- ഡസ്റ്റര്
- വൈറ്റ്ബോര്ഡില് എഴുതുന്ന പേന



# അക്കൗണ്ടൻസി

# 01

Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ്

“ഭാഗികമായെങ്കിലും സാമ്പത്തിക സ്വഭാവമുള്ള
പണം, ഇടപാടുകള്, സംഭവങ്ങള് എന്നിവയുടെ
അടിസ്ഥാനത്തിലും പ്രസക്തമായ വിധത്തിലുമുള്ള
രേഖപ്പെടുത്തലും വിഭാഗീകരണവും അതിന്റെ ഫലം
വ്യാഖാനിക്കുകയും ചെയ്യുന്ന കലയാണ്
അക്കൗണ്ടിങ്”



-അമേരിക്കന് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് സര്ട്ടിഫൈഡ്
പബ്ലിക് അക്കൗണ്ടന്റ്സ്

Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ് പ്രക്രിയ

ജേണലിലോ അനുബന്ധപുസ്തകങ്ങളിലോ ബിസിനസ് ഇടപാടുകള് രേഖപ്പെടുത്തിവെക്കുകയും ലെഡ്ജറിലൂടെയും ട്രയല് ബാലന്സിലൂടെയും കടന്നുപോവുകയും ചെയ്യുന്നതിലുടെയാണ് അക്കൗണ്ടിങ് പ്രക്രിയ ആരംഭിക്കുന്നത്. ഇത് ഫൈനല്സ് അക്കൗണ്ട് അഥവാ ട്രേഡിങും ലാഭവും നഷ്ടവും ബാലന്സ് ഷീറ്റും തയ്യാറാക്കുന്നതില് കലാശിക്കുന്നു.



Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ്ങിന്റെ ഗുണങ്ങള്

- താഴെ പറയുന്നത് ഒരു ബിസിനസിനെ സംബന്ധിച്ചിടത്തോളം അക്കൗണ്ടിംഗ് കൊണ്ടുള്ള ഗുണങ്ങളാണ്:
- ബിസിനസ് ഇടപാടുകളുടെ ഒരു സമ്പൂര്ണ റെക്കോര്ഡ് ഉണ്ടാവാന് സഹായിക്കുന്നു.
- സാമ്പത്തികവര്ഷാവസാനം ഒരു കമ്പനി ഉണ്ടാക്കിയ ലാഭത്തെക്കുറിച്ചോ നഷ്ടത്തെക്കുറിച്ചോ ഉള്ള വിവരവും കമ്പനിയുടെ സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള അറിവും ഇത് നല്കുന്നു. അക്കൗണ്ടിങ്ങിന്റെ അടിസ്ഥാന ധര്മം ഒരു ബിസിനസിന്റെ ഉടമകള്ക്കും മാനേജര്മാര്ക്കും അതിന്റെ സാമ്പത്തിക പ്രവര്ത്തനങ്ങളെക്കുറിച്ച് അര്ത്ഥപൂര്ണമായ വിവരം നല്കുന്നു എന്നുള്ളതാണ്.
- സാമ്പത്തികതീരുമാനങ്ങളെടുക്കുന്നതിന് ഉതകുന്ന അര്ത്ഥപൂര്ണമായ വിവരങ്ങള് ഇത് നല്കുന്നു.



CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ്ങിന്റെ ഗുണങ്ങള്

- നിലവിലെ വര്ഷത്തിലെയും മുന് വര്ഷങ്ങളിലെയും ലാഭം, കച്ചവടം, ചെലവുകള് എന്നിവയെ സംബന്ധിച്ച താരതമ്യ പഠനം സാധ്യമാക്കുന്നു.
- സംരംഭത്തിന്റെ വിഭവങ്ങള് സംരംഭത്തിന്റെ ലക്ഷ്യങ്ങള് നേടാനായി ഫലപ്രദമായി ഉപയോഗിക്കാന് ഉള്ള മാനേജ്മെന്റിന്റെ കഴിവ് വിലയിരുത്താനുതകുന്ന വിവരങ്ങള് ഇത് നല്കുന്നു.

- സംരംഭത്തിന്റെ ആര്ജനശക്തിയെ പ്രവചിക്കാനും താരതമ്യം ചെയ്യാനും മൂല്യനിര്ണയം നടത്താനും ആവശ്യമായ ഇടപാടുകളെയും മറ്റു സംഭവങ്ങളെയും സംബന്ധിച്ച വസ്തുതാപരവും വ്യാഖ്യാനപരവുമായ വിവരങ്ങള് നല്കുന്നു.



# അക്കൗണ്ടിങ്ങിന്റെ ഗുണങ്ങള്


- വരുമാന നികുതി, വില്പന നികുതി എന്നിവ ഫയല് ചെയ്യുന്നതുപോലുള്ള നിയമപരമായ ബാധ്യതകള് നിര്വഹിക്കാന് ഇത് സഹായിക്കുന്നു. കൃത്യമായി സൂക്ഷിക്കുന്ന അക്കൗണ്ടുകളാണെങ്കില് നികുതി വിലയിരുത്തലുകള് തീര്ത്തും എളുപ്പമാവും.
- മികച്ച കടംകൊടുക്കല് തീരുമാനമെടുക്കലും കടത്തിലേത്തുള്ള ആക്സസ് അണ്ലോക്ക് ചെയ്യാനും കൂടുതല് സങ്കീര്ണമായ മറ്റ് സാമ്പത്തിക സേവനങ്ങും നടപ്പിലാക്കാന് സഹായിക്കും.



# സൂക്ഷിക്കേണ്ട അക്കൗണ്ടുകള്

- ജേണല്
- ലെഡ്ജര്
- ക്യാഷ് ബുക്ക്
- പെറ്റി ക്യാഷ്ബുക്ക്
- ബാങ്കിങ് റീകണ്സിലിയേഷന് സ്റ്റേറ്റ്മെന്റ്
- ബാലന്സ് ഷീറ്റ്





Confederation of Indian Industry

Digital Saksham

# പ്രധാനപ്പെട്ട അക്കൗണ്ടിങ് റിപ്പോര്ട്ടുകള്

## ബാലന്സ് ഷീറ്റ്

മൊത്തം ബാധ്യതകളെക്കുറിച്ചും ആസ്തികളെക്കുറിച്ചും സ്റ്റോക്ക്ഹോള്ഡര് ഓഹരികളെക്കുറിച്ചുമുള്ള വിവരങ്ങളാണ് ബാലന്സ് ഷീറ്റിലുള്ളത്.



CII
Confederation of Indian Industry
Digital Saksham

# പ്രധാനപ്പെട്ട അക്കൗണ്ടിങ് റിപ്പോർട്ടുകള്

## പ്രോഫിറ്റ്&ലോസ് സ്റ്റേറ്റ്മെന്റ്

ലാഭനഷ്ട പ്രസ്താവന (പ്രോഫിറ്റ്&ലോസ് സ്റ്റേറ്റ്മെന്റ്) പി&എല് എന്നും ഇന്കം സ്റ്റേറ്റ്മെന്റ് എന്നും അറിയപ്പെടുന്നു. ഒരു ബിസിനസിന്റെ ഒരു നിശ്ചിതകാലയളവിലെ വരുമാനങ്ങളും ചെലവുകളും ഇത് പ്രദര്ശിപ്പിക്കുന്നു. നഷ്ടത്തെ ലാഭം മറികടക്കുമ്പോള് ബിസിനസ് ശരിയായ ദിശയിലാണ് പോകുന്നത് എന്ന് മനസിലാക്കാം.



CII
Confederation of Indian Industry
Digital Saksham

# പ്രധാനപ്പെട്ട അക്കൗണ്ടിങ് റിപ്പോര്‍ട്ടുകള്‍

## സ്റ്റേറ്റ്മെന്റ് ഓഫ് ക്യാഷ് ഫ്ളോസ്

സ്വീകരിച്ചതോ കൊടുത്തതോ ആയ പണത്തിനെക്കുറിച്ചുള്ള വിവരമാണ് ഈ റിപ്പോര്‍ട്ടിലുണ്ടാവുക. കടമായി വാങ്ങുന്നതുള്‍പ്പെടെയുള്ള കാശില്ലാത്ത ഇടപാടുകള്‍ ഈ റിപ്പോര്‍ട്ടിന്റെ ഭാഗമല്ല. ഇന്‍വെസ്റ്റിംഗ്, ഓപ്പറേറ്റിംഗ്, ഫൈനാന്‍സിങ് എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണ് ഇതിനുള്ളത്. ഇത് പണമുല്‍പാദനത്തെക്കുറിച്ചുള്ള വിവരം നല്‍കുന്നു.



Confederation of Indian Industry
Digital Saksham

# എം. ഐ. എസ് സംവിധാനങ്ങള്

മാനേജ്മെന്◌്റ് ഇന്ഫര്മേഷന് സംവിധാനങ്ങള് ഒരു ബിസിനസിനെ അവരുടെ പ്രകടനത്തെ വിലയിരുത്താന് സഹായിക്കുന്നു.

**എ.ഐ.എസിന്റെ ആവശ്യങ്ങള്**

- ഫലപ്രദമായ നീരുമാനെടുക്കല്
- സ്ഥാപനത്തിന്റെ ഉള്ളിലും പുറത്തുമുള്ള ഫലപ്രദമായ ആശയവിനിമയം
- റെക്കോര്ഡ് സൂക്ഷിക്കല്



# എ.ഐ.എസിന്റെ ആവശ്യങ്ങള്

## വിവിധതരം എം.ഐ.എസ് റിപ്പോര്ട്ടുകള്

- അക്കൗണ്ടിങ് റിപ്പോര്ട്ടുകള്
- ഫൈനാന്ഷ്യല് റിപ്പോര്ട്ടുകള്
- ഇന്വെന്ററി റിപ്പോര്ട്ടുകള്
- മാനേജ്മെന്റ് കണ്ട്രോള് റിപ്പോര്ട്ടുകള്



# ബുക്ക്-കീപ്പിങ്

# 02

Confederation of Indian Industry

Digital Saksham

കമ്പനിയുടെ സാമ്പത്തിക ഇടപാടുകളുടെ ക്രമാനുഗതമായ രേഖപ്പെടുത്തലാണ് ബുക്ക് കീപ്പിങ്. കൃത്യമായ ബുക്ക് കീപ്പിങിലൂടെ പ്രധാനപ്പെട്ട പ്രവര്ത്തനങ്ങള്, ഇന്വെസ്റ്റ്മെന്റ്, ഫൈനാന്സിങ് തീരുമാനങ്ങള് എന്നിവ കമ്പനികള്ക്ക് ട്രാക്ക് ചെയ്യാന് സാധിക്കും.



CII
Confederation of Indian Industry
Digital Saksham

# ബുക്ക് കീപ്പിങ്ങിന്റെ ഘടകങ്ങള്

## ജേണലുകള്

ബുക്ക് കീപ്പിങ് സംവിധാനത്തില് ഒരു ഇടപാടിനെക്കുറിച്ചുള്ള വിവരങ്ങള് ലഭിക്കാന് തിരയേണ്ടത് ജേണലുകള് ആണ്. ഒരുപാട് ബിസിനസുകള് ഉപയോഗിക്കുന്ന ജനറല് ജേണല് ഡബിള് എന്ട്രി അക്കൗണ്ടിങ് സംവിധാനം സാധ്യമാക്കുന്നു. ഇതിലൂടെ ഇടപാടുകള് നടക്കുന്ന മുറക്ക് ഓരോ അക്കൗണ്ടിന്റെയും വരവ് തുകയും ചെലവ് തുകയും രേഖപ്പെടുത്തുന്നു. ഇടപാടിന്റെ ഒരു ചെറിയ വിവരണവും ഇത് നല്കിയേക്കാം. ഉദാഹരണത്തിന്, ചില ബിസിനസുകള്ക്ക് വ്യത്യസ്ത തരം ഇടപാടുകള്ക്കുവേണ്ടി സവിശേഷമായ ജേണലുകള് ഉണ്ടാവും.




# ബുക്ക് കീപ്പിങിന്റെ ഘടകങ്ങള്

**ലെഡ്ജറുകള്**

ലെഡ്ജറുകള് അക്കൗണ്ടുകള്ക്കും അതിന് ബിസിനസിലുള്ള പ്രഭാവമനുസരിച്ച് ഇടപാടുകള് തരംതിരിക്കുന്നു. ഇത്തരം തരംതിരിക്കലുകളില് ആസ്തികള്, ബാധ്യതകള്, ചെലവുകള്, വരുമാനം എന്നിവ ഉള്പ്പെടുന്നു. ബിസിനസ് ജേണലുകളില് നിന്നും ഇടപാടുകള് സമയാസമയങ്ങളില് ലെഡ്ജറുകളില് ചേര്ക്കപ്പെടുന്നു. ലെഡ്ജറുകളുടെ സഹായത്തോടെ ബിസിനസിന്റെ സാമ്പത്തിക അവസ്ഥ എളുപ്പത്തില് നിജപ്പെടുത്താനും സാധിക്കും.





CII
Confederation of Indian Industry
Digital Saksham

# ബുക്ക് കീപ്പിങ്ങിന്റെ ഘടകങ്ങള്

<u>**ഫിനാന്ഷ്യല് സ്റ്റേറ്റ്മെന്റുകള്**</u>

**ബാലന്സ് ഷീറ്റ്:** ആസ്തികളും ബാധ്യതകളും ഷെയര്ഹോള്ഡര്മാരുടെ ഓഹരികളും ലിസ്റ്റ് ചെയ്യുന്നതിലൂടെ ഒരു കമ്പനിയുടെ ഒരു പ്രത്യേക ദിവസത്തെ സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള വിവരണം ഇത് നല്കുന്നു.

**ഇന്കം സ്റ്റേറ്റ്മെന്റ്:** ഇത് ബിസിനസിന്റെ ഒരു പ്രത്യേക കാലയളവിലെ അറ്റാദായം പ്രദര്ശിപ്പിക്കുന്നു.



# ബുക്ക് കീപ്പിങ്ങിന്റെ ഘടകങ്ങള്

**ഫിനാന്ഷ്യല് സ്റ്റേറ്റ്മെന്റുകള്**

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്: ബിസിനസ് ഓപ്പറേഷനുകള്, ഇന്വെസ്റ്റ്മെന്റ്, ഫൈനാന്സിങ് പ്രവര്ത്തനങ്ങള് എന്നിവയുമായി ബന്ധപ്പെടുന്ന വിധത്തില് പണത്തിന്റെ വളര്ച്ചകളും തകര്ച്ചകളും ദൃശ്യവല്ക്കരിക്കുന്നു.

സ്റ്റേറ്റ്മെന്റ് ഓഫ് ഷെയര്ഹോള്ഡേഴ്സ്: വര്ഷത്തിലെ അറ്റായാദം, ഷെയര്ഹോള്ഡര്മാര്ക്ക് നല്കിയ ലാഭവിഹിതം എന്നിവയൊക്കെ ലിസ്റ്റ് ചെയ്യുന്നതിലൂടെ കമ്പനിയുടെ നിലനില്ക്കുന്ന സമ്പാദ്യത്തിലുള്ള മാറ്റങ്ങള് പ്രദര്ശിപ്പിക്കുന്നു.



CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടുകളുടെ ചാര്ട്ടുകള്

- കമ്പനിയുടെ ജനറല് ലെഡ്ജറിലുള്ള എല്ലാ ഫിനാന്ഷ്യല് ഒരു സൂചികയാണിത്. ഇത് ഇന്വെസ്റ്റര്മാര്ക്കും ഷെയര്ഹോള്ഡര്മാര്ക്കും കമ്പനിയുടെ സാമ്പത്തിക ആരോഗ്യത്തെക്കുറിച്ചുള്ള കൂടുതല് വ്യക്തമായ ചിത്രം നല്കുന്നു.
- താഴെ പറയുന്നത് ഒരു ചെറിയ കമ്പനി സൂക്ഷിക്കേണ്ടുന്ന അക്കൗണ്ടുകളുടെ ചാര്ട്ടുകളുടെ ഒരു ലിസ്റ്റാണ്:



CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടുകളുടെ ചാര്‍ട്ടുകള്‍

**ആസ്തികളുടെ വിഭാഗം**

- പണം
- സേവിങ്സ് അക്കൗണ്ട്
- പെറ്റി ക്യാഷ് ബാലന്‍സ് അക്കൗണ്ട്
- സ്വീകരിക്കാവുന്ന അക്കൗണ്ടുകള്‍
- നിക്ഷേപിക്കാത്ത ഫണ്ടുകള്‍
- ഇന്‍വെന്‍ററി അസെറ്റുകള്‍
- പ്രീപെയ്ഡ് ഇന്‍ഷ്വറന്‍സ്
- വാഹനങ്ങളും കെട്ടിടങ്ങളും



Confederation of Indian Industry
Digital Saksham

# അക്കൗണ്ടുകളുടെ ചാര്ട്ടുകള്

**ബാധ്യതാവിഭാഗം**

- കമ്പനി ക്രെഡിറ്റ കാര്ഡ്
- വര്ദ്ധിച്ച ബാധ്യതകള്
- അടക്കാവുന്ന അക്കൗണ്ടുകള്
- പേറോള് ബാധ്യതകള്
- അടക്കാവുന്ന നോട്ടുകള്



CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടുകളുടെ ചാര്‍ട്ടുകള്

## <u>ഷെയര്‍ഹോള്ഡറുടെ ഓഹരികള്</u>

- സാധാരണ സ്റ്റോക്കുകള്
- പ്രിഫര്‍ ചെയ്ത സ്റ്റോക്കുകള്
- നിലനിര്‍ത്തിയ സമ്പാദ്യങ്ങള്



# അക്കൗണ്ടുകളുടെ ചാര്ട്ടുകള്

**ബഡ്ജറ്റിങ്ങും ഫോര്കാസ്റ്റിങ്ങും**

- ബഡ്ജറ്റിങ്: ബഡ്ജറ്റ് എന്നത് കൃത്യമായ ഒരു ഭാവികാലത്തിലെ വരുമാനത്തിന്റെയും ചെലവുകളുടെയും പ്രവചനമാണ്. കമ്പനികളെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിങ് എന്നത് മാനേജര്മാര്ക്ക് ഒരു ആക്ഷന് പ്ലാന് എന്ന നിലയിലും കാലയളവിന്റെ അവസാനത്തില് ഒരു താരതമ്യബിന്ദു എന്ന നിലയിലും പ്രവര്ത്തിക്കുന്നു.

- ഫോര്കാസ്റ്റിങ്: ചരിത്രവിവരങ്ങള് ഉപയോഗിച്ച് ഭാവിഗതികളുടെ ദിശയെക്കുറിച്ച് അനുമാനങ്ങളുണ്ടാക്കുന്ന പ്രക്രിയയാണ് ഇത്. ബഡ്ജറ്റ് ആസൂത്രണത്തിനാണ് ബിസിനസുകള് ഫോര്കാസ്റ്റിങ് ഉപയോഗിക്കുന്നത്.





CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ് സോഫ്റ്റ്‌വെയര്

# 03

Confederation of Indian Industry
Digital Saksham

ഫിനാന്ഷ്യല് ഡാറ്റയുടെ നിയന്ത്രണത്തിനും പ്രക്രിയക്കും വേണ്ടി സമര്പ്പിച്ച മുഴുവന് സംവിധാനങ്ങളും അപ്ലിക്കേഷനുകളും ഒരു കുടക്കീഴില് വരുന്ന ഒന്നാണ് ഒരു അക്കൗണ്ടിങ് സോഫ്റ്റ്വെയര് സൊല്യൂഷന്. പ്രൊഫഷണല് അക്കൊണ്ടന്റുമാരും ബുക്ക് കീപ്പിങ് ടീമുകളും അക്കൗണ്ടുകള് നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതമായ ഓപ്പറേഷനുകള് ഓട്ടോമേറ്റ് ചെയ്യുന്നതിനും ഈ പ്രോഗ്രാമുകള് ഉപയോഗിക്കുന്നു. ചില സംവിധാനങ്ങള് അക്കൗണ്ടിങ് ഡാറ്റ രേഖപ്പെടുത്തുന്നതിനും സൂചകങ്ങള് അളക്കുന്നതിനും കമ്പനിയുടെ സാമ്പത്തികപ്രവര്ത്തനങ്ങള് റിപ്പോര്ട്ട് ചെയ്യുന്നതിനും ഉപയോഗപ്രദമാണ്.



CII Confederation of Indian Industry
Digital Saksham

# വിവിധയിനം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള്

ബിസിനസ് ഹാന്ഡിലുകളുടെ ഓപ്പറേഷനുകളുടെ അടിസ്ഥാനത്തിലാണ് അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് തരംതിരിച്ചിരിക്കുന്നത്. അതിനനുസൃതമായി താഴെപ്പറയുന്ന വിധത്തില് അതിനെ തരംതിരിച്ചിരിക്കുന്നു.




CII
Confederation of Indian Industry
Digital Saksham

# വിവിധയിനം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള്

## ബില്ലിങ്/ഇന്‌വോയ്‌സിങ് സോഫ്റ്റ്‌വെയര്

ബില്ലിങ്/ഇന്‌വോയ്‌സിങ് മേഖലയിലുള്ള അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് കമ്പനിയുടെ അടിസ്ഥാനപരമായ ബില്ലിങ് പ്രവര്ത്തനങ്ങളുടെ ചുമതല നിര്വഹിക്കുന്നു. ചെക്കെഴുത്ത്, ഉപഭോക്താക്കളെ അവരുടെ ആസന്നമായ പേയ്മെന്റുകളെക്കുറിച്ച് അറിയിക്കുക തുടങ്ങിയ ദൈനംദിന ചുമതലകളും ഇവ നിര്വഹിക്കുന്നു.





# വിവിധയിനം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള്

## പേറോള് നിയന്ത്രണ സംവിധാനം

ഈ വിഭാഗം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് കമ്പനിയുടെ പേറോള് രജിസ്റ്ററുകള്, ജീവനക്കാരുടെ ശമ്പളം കണക്കുകൂട്ടുക, ഡിഡക്ഷനുകള് കട്ട് ചെയ്യുക, സ്റ്റാഫ് അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ശമ്പളം നേരിട്ട് നിക്ഷേപിക്കുക, നികുതി ഫോമുകളും പേസ്ലിപ്പുകളും ഉണ്ടാക്കുക തുടങ്ങി നിരവധി വ്യത്യസ്ത ചുമതലകള് ഇവ നിര്‍ഡവഹിക്കുന്നു.



Confederation of Indian Industry

Digital Saksham

# വിവിധയിനം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള്

## ഇ.ആര്.പി സംവിധാനങ്ങള്

ഉല്പ്പന്ന ആസൂത്രണം, സാമഗ്രി വാങ്ങുന്നത്, ഇന്‌വെന്ററി മാനേജ്മെന്റും നിയന്ത്രണവും, വിതരണം, അക്കൗണ്ടിങ്, മാര്ക്കറ്റിംഗ്, ഫിനാന്സ്, മാനവവിഭവം എന്നിവക്കുപയോഗിക്കുന്ന എല്ലാ സംവിധാനങ്ങളും  ഒന്നിച്ചുചേരുന്ന ഓപ്പറേഷണല് പോര്ട്ട്ഫോളിയോ ഈ തരം അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകളാണ് കൈകാര്യം ചെയ്യുന്നത്.



# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്

## അക്കൗണ്ടുകള് ലളിതമാക്കുക

ഈ സംവിധാനങ്ങള് ബിസിനസ് ഉടമകളെ എല്ലാ അക്കൗണ്ടിങ് ഓപ്പറേഷനുകളും പൂര്ത്തിയാക്കാനും നിയമപരമായ നിലവാരം നിലനിര്ച്ചാനും എളുപ്പത്തിലും ലളിതമായും സഹായിക്കുന്നു.



# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്

## ചിലവ് ചുരുക്കുക

ഈ അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് ഒട്ടുമിക്ക പ്രധാനപ്പെട്ട കണക്കുകൂട്ടലുകളും ഭരണപരമായ നടപടിക്രമങ്ങളും ഓട്ടോമേറ്റ് ചെയ്യുകയും അതിലൂടെ വരുമാന പദ്ധതിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ബിസിനസുകള്ക്ക് പുറത്തുനിന്നൊരു വിദഗ്ദ്ധനെ ഇതിനുവേണ്ടി ഏര്പ്പാടാക്കേണ്ട ആവശ്യം വരുന്നില്ല.




CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്

**കൃത്യമായ പ്രവചനം**

അക്കൗണ്ടിങ് സോല്യൂഷന് എവിടെ ചിലവുകള്
ലാഭിക്കണമെന്നും എവിടെ കൂടുതല്
നിക്ഷേപിക്കണമെന്നും മനസിലാക്കാന്
മാനേജ്മെന്റിനെ സഹായിക്കുന്ന വിധത്തില്
അക്കങ്ങള്ക്ക് ഒരു അര്ത്ഥം നല്കുന്നു.





# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്

**ഉല്പാദനാത്മകത**

ഡിജിറ്റൈസ്സ് സര്വീസുകളുടെ ഒരു സമ്പൂര്ണ പാക്കേജ് എന്ന നിലയില് അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് ാെരു കമ്പനിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൈനംദിന ചുമതലകള് എളുപ്പമായി അനുഭവപ്പെടുത്തുകയും അവയുടെ ഫലങ്ങള് ശേഖരിക്കുകയും സംവിധാനിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു.



# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്

## നികുതി നിയമങ്ങള് നിര്വഹിക്കല്

അക്കൗണ്ടിങ് സോഫ്റ്റ്‌വെയറുകള് അതിന്റെ ആന്തരികഘടനയുടെ ഭാഗമായി യാന്ത്രികമായി തന്നെ നികുതി നിയമങ്ങള്ക്കനുസരിച്ച് പ്രവര്ത്തിക്കുന്നു. അതിലൂടെ ബിസിനസുകള്ക്ക് നിയമലംഘനം മൂലമുണ്ടാവുന്ന ശിക്ഷാനടപടികളും മറ്റ് അനന്തരഫലങ്ങളും ഒഴിവാക്കാന് സാധിക്കും.



# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്‌റെ ഗുണങ്ങള്

**ഉപഭോക്തൃബന്ധങ്ങള് നിലനിര്ത്തല്**

യാതൊരു തരത്തിലുള്ള താമസവും ആശയവിനിമയവിളംബവും ഇല്ലാതെ ഫലപ്രദമയാ ബില്ലിങും ഇന്‌വോയ്സിങും നടത്തുന്നതിലൂടെ അക്കൗണ്ടിങ് സംവിധാനങ്ങള് കമ്പനികളെ പൊതുമദ്ധ്യത്തില് കൂടുതല് പ്രൊഫഷണലും വിശ്വസനീയവുമായി കാണിക്കും.




CII
Confederation of Indian Industry
Digital Saksham

# അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഗുണങ്ങള്‍

**ഡാറ്റാ സുരക്ഷ**

പാസ് വേഡുകളും അഡ്മിനിസ്ട്രേഷന് ഐഡികളും നല്കുന്നതിലൂടെയും ആര്ക്കൊക്കെ എന്തൊക്കെ കാണാമെന്ന് മുന്കൂട്ടി പ്രോഗ്രാം ചെയ്യുന്നതിലൂടെയും എല്ലാ തരത്തിലുള്ള മോഷണങ്ങളില് നിന്നും അക്കൗണ്ടിങ്ങിനെ സുരക്ഷിതമാക്കുന്നു.





# ഇന്ത്യയില് ലഭ്യമായ അക്കൗണ്ടിങ് സോഫ്റ്റ്വെയറുകളുടെ പേരുകള്

- ടാലി
- സോഹോ ബുക്സ്
- ക്വിക്ക്ബുക്ക്സ് ഇന്ത്യ
- ബിസി അക്കൗണ്ടിങ് സോഫ്റ്റ്വെയര്
- പ്രോഫിറ്റ് ബുക്ക്സ്
- ലോജിക്
- മാര്ഗ് ഇആര്പി 9+
- മൈബുക്സ്
- വ്യാപാര്
- സരള്



# എംഎസ്എംഇക്ക് വേണ്ടിയുള്ള ക്ലൗഡ് കമ്പ്യൂട്ടിംഗ്

# 04

Confederation of Indian Industry

Digital Saksham

- ഇന്റസ്ട്രി 4.0 കടന്നുവരുന്നതിന്റെ ഭാഗമായി സംരംഭങ്ങളെല്ലാം ഓപ്പറേഷനുകളിലും പുതിയ സാങ്കേതികവിദ്യകൾ സംവിധാനിക്കുന്നതിലും ആകത്തുകയായി എങ്ങനെയാണ് അവർ ബിസിനസ് ചെയ്യുന്നത് എന്നതിലും ശൈലീമാറ്റം കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ക്ലൗഡ് കമ്പ്യൂട്ടേഷൻ അങ്ങനെയുള്ള ഒന്നാണ്. വ്യവസായങ്ങളുടെ ഡിജിറ്റൈസേഷനെ ഇത് വേഗത്തിലാക്കുകയും ഓപ്പറേഷനുകളെ ഒരു ടീമിന് കൂടുതൽ ദൂരനിയന്ത്രണാത്മകവും ഉപയോഗപ്രദവുമാക്കുന്നു.



CII
Confederation of Indian Industry
Digital Saksham

- ക്ലൗഡ് സര്വീസിന്റെ മൂന്ന് പ്രധാനപ്പെട്ട സേവനങ്ങളായ ഇന്ഫ്രാസ്ട്രക്ചര് ഒരു സര്വീസ് എന്ന നിലയില് (ഐ എ എ എസ്, പ്ലാറ്റ്ഫോം ഒരു സര്വീസ് എന്ന നിലയില് (പി എ എ എസ്), സോഫ്റ്റ്വെയര് ഒരു സര്വീസ് എന്ന നിലയില് (എസ് എ എ എസ്) എന്നിവ് ഓപ്പറേഷനുകളെ ലളിതമാക്കുന്നു. കാരണം അവയ്ക്ക് ആകെ ആവശ്യമുള്ളത് ഇന്റര്നെറ്റ് കണക്ഷനാണ്. അതോടൊപ്പം ലാപ്പ്ടോപ്പുകള്, സ്മാര്ട്ട്ഫോണുകള്, ടാബ്ലറ്റുകള് എന്നിങ്ങനെ നിരവധി മാധ്യമങ്ങളിലൂടെ ഇത് ഉപയോഗിക്കാം.



# ക്ലൗഡ് കമ്പ്യൂട്ടിങിന്റെ ഗുണങ്ങള്

## ഡാറ്റാ ആക്സസിബിലിറ്റി

പ്രസക്തരായ സ്റ്റേക്ക്ഹോള്ഡര്മാര്ക്ക് പ്രസക്തമായ ഡാറ്റ ഏത് സമയത്തും ഏത് സ്ഥലത്തുവെച്ചും ലഭ്യമാക്കുന്നതിലൂടെ സഹകരണവും ടീംവര്ക്കും ലളിതമാക്കുന്നു.




# ക്ലൗഡ് കമ്പ്യൂട്ടിങിന്റെ ഗുണങ്ങള്

**ചെലവ് ലാഭിക്കല്**

സോഫ്റ്റ് വെയര് ഒരു സര്വീസ് എന്ന നിലയില് (എസ് എ എ എസ്) എന്ന സേവനത്തിലൂടെ എംഎസ്എംഇക്ക് വേണ്ടിയുള്ള ഓപ്പറേഷനുകള് സാമ്പത്തികവല്ക്കരിക്കുന്നു. ഈ അപ്ലിക്കേഷനുകള് എസ്എംഇകള്ക്ക് വലിയ നിക്ഷേപമില്ലാതെ തന്നെ ലഭ്യമാണ്. പ്രകൃതിദുരന്തങ്ങള്ക്കും മോഷണത്തിനും തണുപ്പിനും പാത്രമായേക്കാവുന്ന ഹാര്ഡ് വെയര് സംവിധാനങ്ങള് സൂക്ഷിക്കേണ്ട ആവശ്യം എംഎസ്എംഇകള്ക്ക് വരുന്നില്ല.





# ക്ലൗഡ് കമ്പ്യൂട്ടിങിന്റെ ഗുണങ്ങള്

**കസ്റ്റമൈസ്ഡ് സൊല്യൂഷനുകള്**

വലിയ രീതിയില് കസ്റ്റമൈസ് ചെയ്യാവുന്ന ഈ അപ്ലിക്കേഷനുകള്ക്ക് ഉപയോക്താക്കളുടെ എണ്ണം മുതല് ലഭ്യമായ ഫീച്ചറുകള് വരെ ഭേദഗതി ചെയ്യാവുന്ന രീതിയില് കമ്പനിയുടെ വളര്ന്നുവരുന്ന ആവശ്യങ്ങളെ തൃപ്തിപ്പെടുത്താന് തക്കവണ്ണം പരമാവധിയാക്കാനും അപ്ഗ്രേഡ് ചെയ്യാനും സാധിക്കും.
സിആര്എം സൊല്യൂഷന്സ് പോലെയുള്ള ഫ്രണ്ട് ആന്റ് ബാക്ക് ഓഫീസ് സോഫ്റ്റ്വെയറുകള് ഇതിലുള്പ്പെടുന്നു. നിശ്ചിത എസ്എംഇയുടെ ആവശ്യങ്ങള്ക്കനുസരിച്ച് ശൂന്യതയില് നിന്നും സവിശേഷമായ സൊല്യൂഷനുകളുള് പ്രദാനം ചെയ്യുന്ന സോഫ്റ്റ്വെയര് ഡെവലപ്പ്മെന്റ് കമ്പനികളുണ്ട്.



Confederation of Indian Industry
Digital Saksham

# ക്ലൗഡ് കമ്പ്യൂട്ടിങിന്റെ ഗുണങ്ങള്

**ഡാറ്റാ സുരക്ഷ**

ക്ലൗഡിലൂടെ ഡാറ്റാ സുരക്ഷിതമാക്കുന്നതിന്റെ അടിസ്ഥാനഘടകമെന്നത് ലോഗിന്നുകളും ആക്സസുകളും ഓതറൈസ് ചെയ്യുക, യൂസര് ആക്റ്റിവിറ്റി നിരീക്ഷിക്കുക, ഡാറ്റാ ബാക്കപ്പും റിക്കവറി അക്കൗണ്ടും സൂക്ഷിക്കുക എന്നിവ ഉറപ്പുവരുത്തലാണ്.



# ചരക്ക്-സേവന നികുതി

# 05

Confederation of Indian Industry

Digital Saksham

# എന്താണ് ചരക്ക്-സേവന നികുതി?

- ചരക്കുകളുടെയും സേവനത്തിന്റെയും ഉപഭോഗത്തിന് ഈടാക്കുന്ന ഒരു ലക്ഷ്യാടിസ്ഥാനത്തിലുള്ള നികുതിയാണിത്. ഉല്പാദനം മുതല് ഉപഭോഗം വരെയുള്ള ഓരോ ഘട്ടത്തിലും നികുതി ഈടാക്കുകയും മുന്ഘട്ടങ്ങളില് നല്കിയ നികുതി അടുത്ത ഘട്ടത്തില് ക്രെഡിറ്റ് ആവുകയും ചെയ്യുന്നു. മൂല്യവര്ദ്ധന മാത്രമാണ് നികുതിയാക്കപ്പെടുന്നത്. നികുതിഭാരം അവസാന ഉപഭോക്താവ് ആണ് ചുമക്കേണ്ടത്.

- ഒരു ഇരട്ടശേഖരണ വ്യവസ്ഥ ആയാണ് ജിഎസ്ടി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിനുള്ളിലെ ചരക്ക്-വേന വിതരണത്തില് കേന്ദ്ര ഗവണ്മെന്റ് കേന്ദ്ര ജിഎസ്ടിയും (സിജിഎസ്ടി) സംസ്ഥാനഗവണ്മെന്റുകള് സംസ്ഥാന ജിഎസ്ടിയും (എസ്ജിഎസ്ടി) യും ഈടാക്കുന്നു.



Confederation of Indian Industry
Digital Saksham

# എന്താണ് ചരക്ക്-സേവന നികുതി?

- അന്തര് സംസ്ഥാന ചരക്ക്-സേവന വിതരണത്തില് കേന്ദ്രം ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി) ഈടാക്കുന്നു.
- കേന്ദ്രസംസ്ഥാനസര്ക്കാറുകള് ഈടാക്കുന്ന വിവിധതരം നികുതികള് ഒരുമിപ്പിക്കുന്ന ജിഎസ്ടി രാജ്യത്തിന്റെ സാമ്പത്തികഐക്യത്തെ ശക്തിപ്പെടുത്താനുള്ള ഒരു പ്ലാറ്റ്ഫോം ആണ്.
- ഈ നികുതി പരിഷ്കാരം ഒരു ഏക ദേശീയ മാര്ക്കറ്റും പൊതു നികുതി അടിസ്ഥാനവും കേന്ദ്രത്തിനും സംസ്ഥാനങ്ങള്ക്കും പൊതു തികുതി നിയമങ്ങളും ഉണ്ടാവുന്നതിലേക്ക് നയിക്കുന്നു.



Confederation of Indian Industry
Digital Saksham

# എന്താണ് ചരക്ക്-സേവന നികുതി?

- മുന്ഘട്ടത്തില് അടച്ച നികുതിയുടെ ക്രെഡിറ്റ് അടുത്ത ഘട്ടത്തില് ലഭ്യമാവും എന്നതാണ് ജിഎസ്ടിയുടെ മറ്റൊരു പ്രധാനപ്പെട്ട പ്രത്യേകത. ഇത് ഇരട്ട നികുതി വലിയ രീതിയില് ഒഴിവാക്കും.

- ഈ നികുതിപരിഷ്കാരത്തിന് വിവരവിനിമയസാങ്കേതികവിദ്യയുടെ വലിയ പിന്തുണയുണ്ട് (ഗുഡ്സ് ആന്റ് സര്വീസ് ടാക്സ് നെറ്റ്വര്ക്കിലൂടെ). ഇത് നികുതിഭാരത്തിലെ വര്ദ്ധിച്ച സുതാര്യത, കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നികുതി നിയന്ത്രണത്തിന്റെ അക്കൗണ്ടബിലിറ്റി, നികുതിദായകരുടെ നിര്വഹണച്ചെലവിലുള്ള കുറവ് എന്നിവ സാധ്യമാവുന്നു.





# എന്താണ് ചരക്ക്-സേവന നികുതി?

- പഠനങ്ങള് സൂചിപ്പിക്കുന്നത് ജിഎസ്ടിയുടെ വരവ് ഉടനെതന്നെ സാമ്പത്തികവളര്ച്ചയെ ഉത്സാഹിപ്പിക്കുമെന്നും ജിഡിപിയുടെ 1 ശതമാനം മുതല് 2 ശതമാനം വരെയുള്ള അധികവളര്ച്ചയിലേക്ക് നയിക്കുമെന്നും ആണ്.



CII
Confederation of Indian Industry
Digital Saksham

# വാണിജ്യങ്ങള്ക്കും വ്യവസായങ്ങള്ക്കും ഉള്ള നേട്ടങ്ങള്

- ബിസിനസ് ചെയ്യുന്നതിന്റെ എളുപ്പം വര്ദ്ധിക്കുന്നു.
- നിലവിലുള്ള പരോക്ഷമായ നികുതിവ്യവസ്ഥയിലെ നികുതികളുടെ ബാഹുല്യം കുറക്കുന്നതിലൂടെ വ്യവസ്ഥയെ ലളിതമാക്കുകയും ഏകത്വം കൊണ്ടുവരുകയും ചെയ്യുന്നു.
- തൊഴില് കോണ്ട്രാക്റ്റുകള്, സോഫ്റ്റ്വെയര്, ഹോസ്പിറ്റാലിറ്റി മേഖല തുടങ്ങിയ മേഖലകളില് ഇരട്ടനികുതി ഒഴിവാക്കുന്നു.
- വിതരണത്തിന്റെ എല്ലാ ഘട്ടത്തിലും ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിലുടെ നികുതി കാസ്കേഡ് ചെയ്യുന്നത് ഒഴിവാക്കുന്നു.
- നിര്വഹണച്ചെലവിലെ കുറവ്-വ്യത്യസ്തനികുതികള്ക്ക് ഒന്നിലധികം രേഖകള് സൂക്ഷിക്കുന്നില്ല-അതിലൂടെ രേഖകള് സൂക്ഷിക്കുന്നതില് വിഭവങ്ങളുടെയും മാന്പവറിന്റെയും കുറഞ്ഞ നിക്ഷേപം.



# വാണിജ്യങ്ങള്ക്കും വ്യവസായങ്ങള്ക്കും ഉള്ള നേട്ടങ്ങള്

- കൂടുതല് ഫലപ്രദമായ നികുതികളുടെ സന്തുലിതവല്ക്കരണത്തിലൂടെ (വിശിഷ്യാ കയറ്റുമതിയില്) നമ്മുടെ ഉല്പ്പന്നങ്ങള്ക്ക് അന്തര്ദേശീയ മാര്ക്കറ്റില് ഇടമുണ്ടാക്കുകയും ഇന്ത്യല് കയറ്റുമതിയെ ഈര്ജിതമാക്കുകയും ചെയ്യുന്നു.
- രജിസ്ട്രേഷന്, റിട്ടേണുകള്, റീഫണ്ടുകള്, നികുതിയടവ് തുടങ്ങിയവക്ക് ലളിതവും ഓട്ടോമാറ്റിക്കും ആയ നടപടിക്രമങ്ങള്.
- ചരക്കുകളുടെയും സേവനത്തിന്റെയും ശരാശരി നികുതിഭാരത്തിന്റെ പ്രതീക്ഷിത കുറവിലൂടെ കൂടുതല് ഉപഭോഗത്തിലേക്കും അതിലൂടെ കൂടുതല് ഉല്പാദനത്തിലേക്കും അതിലൂടെ ഇന്ത്യയിലെ ഉല്പാദനവ്യവസായത്തിന്റെ വളര്ച്ചയെ സഹായിക്കുന്നു.



Confederation of Indian Industry
Digital Saksham

## അവതരിപ്പിക്കപ്പെട്ട ജിഎസ്ടി വ്യവസ്ഥയില് ആരൊക്കെയാണ് ജിഎസ്ടി നല്കേണ്ടത്?

- ചരക്ക്-സേവന വിതരണത്തില് നികുതിയടക്കേണ്ട വ്യക്തിയാണ് ജിഎസ്ടി വ്യവസ്ഥയില് നികുതിയടക്കേണ്ടത്. 20 ലക്ഷത്തിനുമുകളിലേക്ക് വില്പന ഉയരുമ്പോഴാണ് വ്യക്തിക്ക് നികുതിയടക്കേണ്ടി വരുന്നത് (എന്.ഇക്കും പ്രത്യേകതരം സംസ്ഥാനങ്ങള്ക്കും പത്ത് ലക്ഷം). ചില സാഹചര്യങ്ങളില് ഈ പരിധി കടന്നില്ലെങ്കിലും വ്യക്തി നികുതിയടക്കേണ്ടി വരും.

- എല്ലാ സംസ്ഥാനത്തിനകത്ത് നടക്കുന്ന ചരക്ക്-സേവന വിതരണങ്ങളിലും സിജിഎസ്ടി/എസ്ജിഎസ്ടിയും അന്തര്സംസ്ഥാന ചരക്ക്-സേവന വിതരണങ്ങളില് ഐജിഎസ്ടിയും അടക്കേണ്ടതുണ്ട്. സിജിഎസ്ടി/എസ്ജിഎസ്ടിയും ഐജിഎസ്ടിയും അടക്കേണ്ടത് അതത് നിയമങ്ങളുടെ വകുപ്പുകളില് പറഞ്ഞിട്ടുള്ള പ്രകാരമാണ്.




# ജിഎസ്ടി പോർട്ടലില് രജിസ്റ്റർ ചെയ്യുക

**വെബ്സൈറ്റ്-** https://www.gst.gov.in/

രജിസ്ട്രേഷന് സംബന്ധിച്ച സഹായത്തിന് താഴെ കാണുന്ന ലിങ്കില് ക്ലിക്ക് ചെയ്യുക:

- https://www.gst.gov.in/help/enrollmentwithgst





CII
Confederation of Indian Industry
Digital Saksham

# രജിസ്ട്രേഷന് പ്രക്രിയ

- gst.gov.in എന്ന വെബ്സൈറ്റ് സന്ദര്ശിച്ച് ജിഎസ്ടി രജിസ്ട്രേഷനുള്ള ഒരു അപ്ലിക്കേഷന് തയ്യാറാക്കുക.
- എല്ലാ വിവരങ്ങളും രേഖകളും സമര്പ്പിച്ചാന് ഒരു അക്ക്നോളജ്മെന്റ് നമ്പര് ലഭിക്കും.
- ജിഎസ്ടി ഓഫീസറുടെ സ്ഥിരീകരണത്തിന് ശേഷം രജിസ്ട്രേഷന് പ്രക്രിയ അവസാനിക്കുകയും ഒരു ജിഎസ്ടി തിരിച്ചറിയല് നമ്പര് ലഭിക്കുകയും ചെയ്യും (ജിഎസ്ടിഐഎന്).
- പ്രക്രിയയുടെ ഭാഗമായി നിങ്ങള്ക്ക് ഒരു യൂസര്നെയിം ലഭിക്കും. അതൊടൊപ്പം ജിഎസ്ടി ഗവ് ലോഗിനുള്ള പാസ്വേഡ് സെറ്റ് ചെയ്യാനും സാധിക്കും.



CII
Confederation of Indian Industry
Digital Saksham

# ആവശ്യമായ രേഖകള്

- പാന്കാര്ഡ്
- ആധാര് കാര്ഡ്
- ഡയറക്ടറിന്റെയും പ്രമോട്ടര്മാരുടെയും ഫോട്ടോ പതിച്ച ഐഡന്റിറ്റി, അഡ്രസ് പ്രൂഫുകള്
- ബിസിനസിന്റെ സ്ഥലത്തിന്റെ അഡ്രസ് പ്രൂഫ്
- ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്/ക്യാന്സല് ചെയ്ത ചെക്ക്
- ഡിജിറ്റല് ഒപ്പ്
- ഓതറൈസേഷന് ലെറ്റര്/ഓതറൈസ്ഡ് സിഗ്നേറ്ററിക്ക് വേണ്ടിയുള്ള ബോര്ഡ് റെസല്യൂഷന്




Confederation of Indian Industry
Digital Saksham

# ജിഎസ്ടി റിട്ടേണുകളുടെ ഓണ്‍ലൈന് ഫയലിങ്

## എന്താണ് ജിഎസ്ടി റിട്ടേണ്?

- ജിഎസ്ടി റിട്ടേണ് എന്നത് ഒരു നിശ്ചിതകാലയളവിലുള്ള ജിഎസ്ടി ഇന്‍വോയ്സുകളുടെയും പേയ്മെന്‍റുകളുടെയും റിസീപ്റ്റുകളുടെയും മുഴുവന് വിവരങ്ങളുമടങ്ങുന്ന ഒരു രേഖയാണ്.
- ഒരു നികുതിദായകന് ബിസിനസിന്‍റെ വരുമാനവുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും പ്രഖ്യാപിക്കാന് ബാധ്യസ്ഥനാണ്. അവയുടെ അടിസ്ഥാനത്തില് അധികാരികള് ബിസിനസ് എത്ര രൂപയാണ് നികുതിയടക്കേണ്ടതെന്ന് കണക്കുകൂട്ടി തീരുമാനിക്കും.
- ജിഎസ്ടിയുടെ ഔദ്യോഗികപോര്‍ട്ടലില് ബിസിനസ് ഉടമകള്ക്ക് ഓണ്‍ലൈനായി ജിഎസ്ടി ഫയല് ചെയ്യാം.





CII
Confederation of Indian Industry
Digital Saksham

# ജിഎസ്ടി റിട്ടേണുകളുടെ ഓണ്ലൈന് ഫയലിങ്

## ജിഎസ്ടി റിട്ടേണ് ഓണ്ലൈനായി ഫയല് ചെയ്യുന്ന വിധം

- നിങ്ങള് ജിഎസ്ടിയില് രജിസ്റ്റര് ചെയ്തിട്ടുണ്ടെന്നും പാനിന്റെയും സ്റ്റേറ്റ് കോഡിന്റെയും അടിസ്ഥാനത്തിലുള്ള അഞ്ചക്ക ജിഎസ്ടി തിരിച്ചറിയല് നമ്പര് നിങ്ങളുടെ പക്കലുണ്ടെന്നും ആദ്യം ഉറപ്പുവരുത്തുക. ഈ നമ്പര് ഇല്ലെങ്കില് ആദ്യം ഓണ്ലൈനില് രജിസ്റ്റര് ചെയ്ത് നമ്പര് കരസ്ഥമാക്കുക.
- അടുത്തതായി ജിഎസ്ടി പോര്ട്ടല് തുറക്കുക.
- സര്വീസസ് ബട്ടണില് അമര്ത്തുക.
- റിട്ടേണ്സ് ഡാഷ്ബോര്ഡില് അമര്ത്തുക, ശേഷം ഡ്രോപ്പ് ഡൌണ് മെനുവില് സാമ്പത്തികവര്ഷവും റിട്ടേണ് ഫയലിങ് കാലയളവും നല്കുക.
- ശേഷം, ഫയല് ചെയ്യേണ്ട റിട്ടേണ് തെരഞ്ഞെടുത്തതിന് ശേഷം പ്രിപ്പേര് ഓണ്ലൈന് എന്നതില് അമര്ത്തുക.



# ജിഎസ്ടി റിട്ടേണുകളുടെ ഓണ്‍ലൈന്‍ ഫയലിങ്

## ജിഎസ്ടി റിട്ടേണ്‍ ഓണ്‍ലൈനായി ഫയല്‍ ചെയ്യുന്ന വിധം

- അനുയോജ്യമെങ്കില്‍ ലേറ്റ് ഫീ ഉള്‍പ്പെടെ ആവശ്യമായ എല്ലാ മൂല്യങ്ങളും നല്‍കുക.
- എല്ലാ വിവരങ്ങളും നല്‍കിയതിന് ശേഷം സേവ് എന്നതില്‍ അമര്‍ത്തുക. ഇപ്പോള്‍ നിങ്ങള്‍ക്ക് സ്ക്രീനില്‍ ഒരു സക്സസ് മെസേജ് കാണാനാവും.
- ശേഷം, റിട്ടേണ്‍ ഫയല്‍ ചെയ്യാനായി പേജിന്‍റെ താഴെയുള്ള സബ്മിറ്റ് എന്ന ബട്ടണില്‍ അമര്‍ത്തുക.



Confederation of Indian Industry
Digital Saksham

# ഓൺലൈനിൽ ചരക്കുസേവന റിട്ടേണുകൾ ഫയൽ ചെയ്യുന്നു

## ജിഎസ്ടി റിട്ടേണ് ഓണ്ലൈനായി ഫയല് ചെയ്യുന്ന വിധം

- റിട്ടേണിന്റെ സ്റ്റാറ്റസ് സബ്മിറ്റഡ് എന്നായി മാറിയാല് താഴേക്ക് സ്ക്രോള് ചെയ്ത് പേയ്മെന്റ് ഓഫ് ടാക്സ് എന്നതില് അമര്ത്തുക. ക്യാഷ്, ക്രെഡിറ്റ് ബാലന്സുകള് കാണാനായി 'ചെക്ക് ബാലന്സ്' എന്നതില് അമര്ത്തുക. അതിലൂടെ ഓരോ ടാക്സും അടക്കുന്നതിന് മുമ്പ് ഈ വിവരങ്ങള് നിങ്ങള്ക്ക് അറിയാന് സാധിക്കും. അടുത്തതായി, ബാധ്യതകള് തീര്ക്കാനായി നിലവില് ലഭ്യമായിരിക്കുന്ന ക്രെഡിറ്റില് നിന്നും നിങ്ങള്ക്ക് ഉപയോഗിക്കേണ്ട ക്രെഡിറ്റ് എത്രയാണെന്ന് മെന്ഷന് ചെയ്യുക. ശേഷം 'ഓഫ്സെറ്റ് ലയബിലിറ്റി' എന്നതില് അമര്ത്തി പേയ്മെന്റ് ചെയ്യുക. ഒരു കണ്ഫര്മേഷന് പ്രദര്ശിപ്പിക്കപ്പെട്ടാല് 'ഓക്കെ' എന്നതില് അമര്ത്തുക.



CII
Confederation of Indian Industry
Digital Saksham

# ഓൺലൈനിൽ ചരക്കുസേവന റിട്ടേണുകൾ ഫയൽ ചെയ്യുന്നു

## ജിഎസ്ടി റിട്ടേണ് ഓണ്ലൈനായി ഫയല് ചെയ്യുന്ന വിധം

- അവസാനമായി, ഡിക്ലറേഷന് എതിരിലുള്ള ബോക്സ് പരിശോധിച്ച് ഡ്രോപ്പ് ഡൗണ് ലിസ്റ്റില് നിന്നും ഒരു ഓതറൈസ്ഡ് സിഗ്നേച്ചറി തെരഞ്ഞെടുക്കുക. ശേഷം ഫയല് ഫോം വിത്ത് ഡിഎസ്‌സി എന്നതിലോ 'ഫയല് ഫോം വിത്ത് ഇവിസി' എന്നതിലോ അമര്ത്തി പ്രൊസീഡ് എന്നത് ക്ലിക്ക് ചെയ്യുക. അടുത്ത ഘട്ടത്തില് അനുയോജ്യമായ ജിഎസ്ടിക്ക് പണമടക്കുക.




CII
Confederation of Indian Industry
Digital Saksham

# ഓൺലൈനായി ജിഎസ്ടി അടക്കുക

ലോഗിന് ശേഷം ജിഎസ്ടി പോർട്ടലില് ജിഎസ്ടി അടക്കാനായി ചലാന് ജനറേറ്റ് ആയതിന് ശേഷം താഴെപ്പറയുന്ന കാര്യങ്ങള് ചെയ്യുക:

1. https://www.gst.gov.in എന്ന യു ആര് എല് തുറക്കുക. ഇതില് ജിഎസ്ടി ഹോംപേജ് പ്രത്യക്ഷപ്പെടും.
2. തക്കതായ വിവരങ്ങള് ഉപയോഗിച്ച് ജിഎസ്ടി പോർട്ടലില് ലോഗിന് ചെയ്യുക.
3. ജനറേറ്റ് ചെയ്യപ്പെട്ട ചലാന് എടുക്കുക. സര്വീസസ് എന്നതില് അമര്ത്തുക>പേയ്മെന്റ്സ്>ചലാന് ഹിസ്റ്ററി കമാന്റ്.
4. പണമടക്കേണ്ട സിപിന് തെരഞ്ഞെടുക്കുക.





# ഇ പേയ്മെന്റ് രീതി തെരഞ്ഞെടുക്കുക

**നെറ്റ് ബാങ്കിങ് ആണെങ്കില്**

എ. പേയ്മെന്റ് ഏത് ബാങ്കിലൂടെയാണോ നടത്തേണ്ടത്, അത് തെരഞ്ഞെടുക്കുക.

ബി. ടേംസ് ആന്റ് കണ്ടീഷന്സ് അപ്ലൈ എന്ന ചെക്ക്ബോക്സ് സെലക്ട് ചെയ്യുക.

സി. മേക്ക് പേയ്മെന്റ് എന്ന ബട്ടണ് ക്ലിക്ക് ചെയ്യുക.



Confederation of Indian Industry

Digital Saksham

# ഇ പേയ്മെന്റ് രീതി തെരഞ്ഞടുക്കുക


**ക്രെഡിറ്റ്/ഡെബിറ്റ് കാര്ഡുകള് ആണെങ്കില്**

എ. പ്ലീസ് സെലക്ട് എ പേയ്മെന്റ് ഗേറ്റ്വേ എന്നതില് ഒരു പേയ്മെന്റ് ഗേറ്റ്വേ ഓപ്ഷന് തെരഞ്ഞെടുക്കുക.

ബി. ടേംസ് ആന്റ് കണ്ടീഷന്സ് അപ്ലൈ എന്ന ചെക്ക്ബോക്്സ് സെലക്ട് ചെയ്യുക.

സി. മേക്ക് പേയ്മെന്റ് എന്ന ബട്ടണ് ക്ലിക്ക് ചെയ്യുക.





CII
Confederation of Indian Industry
Digital Saksham

# ഇ പേയ്മെന്റ് രീതി തെരഞ്ഞടുക്കുക


**ഓവര് ദ കൗണ്ടര് പേയ്മെന്റ് ആണെങ്കില്**

എ. പേയ്മെന്റ് മോഡ്സ് ഓപ്ഷനില് ഓവര് ദ കൗണ്ടര് പേയ്മെന്റ് മോഡ് ആയി തെരഞ്ഞെടുക്കുക.

ബി. പണമോ ഉപകരണമോ നിക്ഷേപിക്കുന്ന ബാങ്കിന്റെ പേര് തെരഞ്ഞെടുക്കുക.

സി. ഏതുതരം ഉപകരണമാണ് എന്നതില് ക്യാഷ്/ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് തെരഞ്ഞെടുക്കുക.





Confederation of Indian Industry

Digital Saksham

# ഇ പേയ്മെന്റ് രീതി തെരഞ്ഞടുക്കുക

ഡി. ജനറേറ്റ് ചലാന് ബട്ടണ് അമര്ത്തുക.

ഇ. ചലാന്റെ ഒരു പ്രിന്റ് ഔട്ട് എടുത്തതിന് ശേഷം തെരഞ്ഞെടുത്ത ബാങ്ക് സന്ദര്ശിക്കുക.

എഫ്. ചലാന്റെ കാലപരിധിക്കുള്ളില് പണമോ ചെക്കോ ഡിമാന്റ് ഡ്രാഫ്റ്റോ ഉപയോഗിച്ച് പണമടക്കുക.

ജി. ബാങ്കില് നിന്നുള്ള സ്ഥിരീകരണത്തിന് ശേഷം ജിഎസ്ടി പോര്ട്ടലില് പേയ്മെന്റ് സ്റ്റാറ്റസ് അപ്ഡേറ്റ് ആവുന്നതായിരിക്കും.



Confederation of Indian Industry
Digital Saksham

# ഇ പേയ്മെന്റ് രീതി തെരഞ്ഞടുക്കുക

**എന്ഇഎഫ്ടി/ആര്ടിജിഎസ് പേയ്മെന്റ് ആണെങ്കില്**

എ. പേയ്മെന്റ് മോഡ്സ് ഓപ്ഷനില് എന്ഇഎഫ്ടി/ആര്ടിജിഎസ് പേയ്മെന്റ് മോഡ് ആയി തെരഞ്ഞെടുക്കുക.
ബി. പണമടക്കുന്ന ബാങ്ക് എന്ന ഡ്രോപ്പ് ഡൗണ് ലിസ്റ്റില് നിന്നും പണമടക്കുന്ന ബാങ്ക് തെരഞ്ഞടുക്കുക.
സി. ജനറേറ്റ് ചലാന് ബട്ടണ് അമര്ത്തുക.
ഡി. ചലാന്റെ ഒരു പ്രിന്റ് ഔട്ട് എടുത്തതിന് ശേഷം തെരഞ്ഞെടുത്ത ബാങ്ക് സന്ദര്ശിക്കുക. അതോടൊപ്പം മാന്റേറ്റ് ഫോമും ജനറേറ്റ് ചെയ്യപ്പെടും.



CII
Confederation of Indian Industry
Digital Saksham


# ഇ പേയ്മെന്റ് രീതി തെരഞ്ഞെടുക്കുക

ഇ. തെരഞ്ഞെടുത്ത ബാങ്കില്/ബ്രാഞ്ചില് ചെക്ക് ഉപയോഗിച്ച് നിങ്ങളുടെ അക്കൗണ്ട് വഴി പണമടക്കുക. അക്കൗണ്ട് ഡെബിറ്റ് സൗകര്യം ഉപയോഗിച്ചും പണമടക്കാം.

എഫ്. ബാങ്ക് ട്രാന്സാക്ഷന് നടത്തുകയും രണ്ട് മണിക്കൂറിനുള്ളില് ആര്ബിഐ അത് സ്ഥിരീകരിക്കുകയും ചെയ്യും.

ജി. യുണീക് ട്രാന്സാക്ഷന് നമ്പര് (യുടിആര്) രജിസ്റ്റര് ചെയ്ത ഫോണിലോ ഇമെയിലിലോ ലഭിച്ചുകഴിഞ്ഞാല്, ആ യുടിആര് ജിഎസ്ടി പോര്ട്ടലില് എന്ഇഎഫ്ടി/ആര്ടിജിഎസ് സിപിന്നുമായി ലിങ്ക് ചെയ്യാം. ചലാന് ഹിസ്റ്ററിയില് പോയി സിപിന് ലിങ്കില് അമര്ത്തുക. യുടിആര് നല്കി അതിനെ എന്ഇഎഫ്ടി/ആര്ടിജിഎസ് പേയ്മെന്റുമായി ലിങ്ക് ചെയ്യുക.





Confederation of Indian Industry

Digital Saksham

# ഇ പേയ്മെന്റ് രീതി തെരഞ്ഞെടുക്കുക

എച്ച്. ബാങ്കില് നിന്നുള്ള സ്ഥിരീകരണത്തിന് ശേഷം ജിഎസ്ടി പോര്ട്ടലില് പേയ്മെന്റ് സ്റ്റാറ്റസ് അപ്ഡേറ്റ് ആവുന്നതായിരിക്കും.

ഐ. ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറില് അതാത് മേജര് മൈനര് ഹെഡുകളില് പേയ്മെന്റ് അപ്ഡേറ്റ് ആവും.



# നിങ്ങളുടെ ബിസിനസിന് ബാധകമായ നിരക്കുകള്

**ഒഴിവാക്കിയ ജിഎസ്ടി റേറ്റ് സ്ലാബ് (നികുതി ഇല്ലാത്തത്)**

സ്ഥിരോപയോഗസ്വഭാവമുള്ള പഴവര്ഗങ്ങള്, പച്ചക്കറികള്, പാല്, സംഭാരം, തൈര്, പ്രകൃതിദത്തമായ തേന്, പൊടികള്, കടലമാവ്, ബ്രെഡ്, എല്ലാത്തരം ഉപ്പും, ചക്കര, സംസ്കരിച്ച ഭക്ഷ്യധാന്യങ്ങള്, പച്ചമാംസം, മീന്, കോഴി, മുട്ടകള് എന്നിവയോടൊപ്പം ബിന്ദി, സിന്ദൂരം, കാജല്, വളകള്, വരപുസ്തകങ്ങള്, സ്റ്റാമ്പുകള്, ജുഡീഷ്യല് പേപ്പറുകള്, പ്രിന്റ് ചെയ്ത പുസ്തകങ്ങള്, പത്രങ്ങള്, ചണം, കൈത്തറി, 1000 രൂപക്ക് താഴെ നിരക്കുള്ള ഹോട്ടലുകളും ലോഡ്ജുകളും എന്നിവയും.



CII
Confederation of Indian Industry
Digital Saksham

# നിങ്ങളുടെ ബിസിനസിന് ബാധകമായ നിരക്കുകള്

## 5% ജിഎസ്ടി റേറ്റ് സ്ലാബ്

14% ചരക്കുകളും സേവനങ്ങളും ഈ വിഭാഗത്തില് പെടുന്നു

1000 രൂപയില് താഴെയുള്ള വസ്ത്രങ്ങള്, 500 രൂപയില് താഴെയുള്ള ചെരിപ്പുകള്, പാക്ക് ചെയ്ത ഭക്ഷണസാധനങ്ങള്, ക്രീം, കൊഴുപ്പ് നീക്കിയയ പാല്പ്പൊടി, ബ്രാന്റഡ് പനീര്, തണുപ്പിച്ച പച്ചക്കറികള്, കാപ്പി, ചായ, സുഗന്ധവ്യഞ്ജനങ്ങള്, പിസ്സ ബ്രെഡ്, റസ്ക്, സാബുധാന, അണ്ടിപ്പരിപ്പ്, ഷെല്ലിലുള്ള അണ്ടിപ്പരിപ്പ്, ഉണക്കമുന്തിരി, ഐസ്, കഷണം മീന്, മണ്ണെണ്ണ, കല്ക്കരി, മരുന്ന്്, ചന്ദനത്തിരി, റെവന്യൂ സ്റ്റാമ്പുകളുടെ പോസ്റ്റേജ്, വളങ്ങള്, റെയില്, എക്കോണമി ക്ലാസ് എയര് ടിക്കറ്റുകള്, ചെറിയ റെസ്റ്റോറന്റുകള് തുടങ്ങിയവ ഇതില്പ്പെടുന്നു.



# നിങ്ങളുടെ ബിസിനസിന് ബാധകമായ നിരക്കുകള്

## 12% ജിഎസ്ടി റേറ്റ് സ്ലാബ്

*17% ചരക്കുകളും സേവനങ്ങളും ഈ വിഭാഗത്തില് പെടുന്നു.*

തണുപ്പിച്ച മാംസ ഉല്പ്പന്നങ്ങള്, വെണ്ണ, ചീസ്, നെയ്യ്, പാക്ക് രൂപത്തിലുള്ള ഉണക്കിയ പഴങ്ങള്, മൃഗക്കൊഴുപ്പ്, സോസേജുകള്, പഴ ജ്യൂസുകള്, നംകീന്, കെച്ചപ്പുകളും സോസുകളും തുടങ്ങിയ ഭക്ഷ്യവസ്തുക്കള്, ആയുര്വേദ മരുന്നുകള്, ടെസ്റ്റ് കിറ്റുകളും പരീക്ഷകങ്ങളും, സെല്ഫോണുകള്, സ്പൂണുകള്, ഫോര്ക്കുകള്, പല്പ്പൊടി, കുട, തയ്യല് മെഷീന്, കണ്ണടകള്, കാര്ഡ്, ചെസ്സ് ബോര്ഡ്, കാരം ബോര്ഡ്, ലുഡോ പോലുള്ള ഇന്ഡോര് ഗെയിമുപകരണങ്ങള്, 1000 രൂപക്ക് മുകളിലുള്ള വസ്ത്രങ്ങള്, നോണ് എസി റെസ്റ്റോറന്റുകള്, ബിസിനസ് ക്ലാസ് എയര് ടിക്കറ്റ്, സംസ്ഥാനങ്ങള് നടത്തുന്ന ലോട്ടറി, തൊഴില് കോണ്ട്രാക്റ്റുകള് തുടങ്ങിയവയും 12% ജിഎസ്ടിയില് ഉള്പ്പെടുന്നു.



# നിങ്ങളുടെ ബിസിനസിന് ബാധകമായ നിരക്കുകള്

## 18% ജിഎസ്ടി റേറ്റ് സ്ലാബ്

*43% ചരക്കുകളും സേവനങ്ങളും ഈ വിഭാഗത്തില് പെടുന്നു.*

പാസ്ത, ബിസ്ക്കറ്റുകള്, പേസ്ട്രികള്, കേക്കുകള്, സംസ്കരിച്ച പച്ചക്കറികള്, ജാമുകള്, സൂപ്പുകള്, ഐസ് ക്രീം, മയോനൈസ്, ഇടകലര്ത്തിയ മസാലകളും കറിക്കൂട്ടുകളും, മിനറല് വാട്ടര്, 500 രൂപയില് കൂടുതലുള്ള ചെരിപ്പുകള്, ക്യാമറ, സ്പീക്കറുകള്, മോണിറ്ററുകള്, പ്രിന്ററുകള്, വൈദ്യുക ട്രാന്സ്ഫോമറുകള്, ഒപ്റ്റിക്കല് ഫൈബര്, ടിഷ്യൂ, സാനിറ്ററി നാപ്കിന്, നോട്ട്ബുക്കുകള്, സ്റ്റീല് ഉല്പ്പന്നങ്ങള്, തലപ്പാവും അതിന്റെ ഭാഗങ്ങളും, അലുമിനിയം ഫോയില്, മുളയാല് നിര്മിച്ച ഫര്ണിച്ചറുകള്, മദ്യവില്പനയുള്ള എസി റെസ്റ്റോറന്റുകള്, ഫൈവ് സ്റ്റാര് റെസ്റ്റോറന്റുകളും ആഡംബര ഹോട്ടലുകളും, ടെലികോം സേവനങ്ങള്, ഐടി സേവനങ്ങള്, ബ്രാന്റഡ് വസ്ത്രങ്ങള്, സാമ്പത്തികസേവനങ്ങള് എന്നിവക്ക് 18% ആണ് ജിഎസ്ടി.



CII
Confederation of Indian Industry
Digital Saksham

# നിങ്ങളുടെ ബിസിനസിന് ബാധകമായ നിരക്കുകള്

**28% ജിഎസ്ടി റേറ്റ് സ്ലാബ്**

*19% ചരക്കുകളും സേവനങ്ങളും ഈ വിഭാഗത്തില് പെടുന്നു.*

ച്യൂയിംഗ് ഗം, ബിഡി, ശര്ക്കര, കൊക്കോ ഇല്ലാത്ത ചോക്ലേറ്റുകള്, ചോക്ലേറ്റ് കോട്ടിംഗ് ഉള്ള വാഫിളും വേഫറും, പാന് മസാല, വായുനിറച്ച ജലം തുടങ്ങിയ മറ്റ് ഭക്ഷ്യവസ്തുക്കള്, സുഗന്ധദ്രവ്യങ്ങള്, ഷേവിങ് ക്രീമുകള്, ആഫ്റ്റര് ഷേവ്, ഹെയര് ഷാമ്പൂ, ഡൈ തുടങ്ങിയ പേഴ്സണല് കെയര് വസ്തുക്കള്, സണ്സ്ക്രീന്, പെയിന്റ്, വാട്ടര് ഹീറ്റര്, ഡിഷ്വാഷര്, തൂക്കമളക്കുന്ന യന്ത്രം, അലക്കുയന്ത്രം, വാക്വം ക്ലീനര്, ഓട്ടോമൊബൈല്, മോട്ടോര്സൈക്കിളുകള്, 5 സ്റ്റാര് ഹോട്ടല് താമസങ്ങള്, റേസ് ക്ലബ് ബെറ്റിങ്, സ്വകാര്യ ലോട്ടറി, 100 രൂപക്ക് മുകളിലുള്ള സിനിമാ ടിക്കറ്റുകള്, തുടങ്ങിയവ 28 ജിഎസ്ടി സ്ലാബില് ഉള്പ്പെടുന്നു.



# 06

## ആക്സസ് റ്റു ഫൈനാന്സ്-ഡിജിറ്റല് സമീപനം

# ഡിജിറ്റല് ഫിനാന്ഷ്യല് ഇന്ക്ലൂഷന്

സാമ്പത്തികമായി പുറന്തള്ളപ്പെട്ടതും മതിയായ ശ്രദ്ധ ലഭിക്കാത്തതുമായ ജനതയിലേക്ക് എത്താന് ചെലവ് കുറഞ്ഞ ഡിജിറ്റല് രീതികള് വിന്യസിക്കുന്നതിനെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിലൂടെ അവരുടെ ആവശ്യങ്ങള്ക്ക് അനുസൃതമായ ഒട്ടനവധി ഒപചാരികമായ സാമ്പത്തികസേവനങ്ങള് നല്കാന് സാധിക്കുന്നു. ഇത് ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ചെലവ് കുറഞ്ഞതും ദാതാക്കള്ക്ക് സുസ്ഥിരമായതുമായ സേവനങ്ങളാണ്.




CII
Confederation of Indian Industry
Digital Saksham

# ഡിജിറ്റല് ട്രാന്സാക്ഷന് പ്ലാറ്റ്ഫോമുകള്

ഇലക്ട്രോണിക് മൂല്യം സ്റ്റോര് ചെയ്യാന് അനുമതിയുള്ള ഒരു ബാങ്കിലേക്കോ നോണ് ബാങ്കിലേക്കോ കണക്റ്റ് ചെയ്യാനും ഇടപാടുകളുടെ ഡാറ്റ അയക്കാനും സ്വീകരിക്കാനും സാധിക്കുന്ന ഉപകരണങ്ങള് ഉപയോഗിച്ച് പേയ്മന്റുകള് അയക്കാനും സ്വീകരിക്കാനും ട്രാന്സ്ഫര് ചെയ്യാനും മൂല്യം ഇലക്ട്രോണിക് ആയി സ്റ്റോര് ചെയ്യാനും ഉപഭോക്താക്കളെ ഇവ പ്രാപ്തരാക്കുന്നു.





Confederation of Indian Industry

Digital Saksham

# ഡിവൈസുകള്

ഉപഭോക്താക്കളാണ് ഇത് ഉപയോഗിക്കുന്നത്. ഇത് ഒന്നുകില് വിവരങ്ങള് അയക്കുന്ന ഡിജിറ്റല് ഡിവൈസുകളാവാം (മൊബൈല് ഫോണ്, മറ്റുള്ളവ) അല്ലെങ്കില് പോയന്റ്-ഓഫ്-സെയില് (പിഓഎസ്) പോലെയുള്ള ഡിജിറ്റല് ഡിവൈസുകളിലേക്ക് കണക്ട് ചെയ്യുന്ന ഉപകരണങ്ങളായിരിക്കാം (പേയ്മെന്റ് കാര്ഡുകള്, മറ്റുള്ളവ)



# റീട്ടെയില് ഏജന്റുമാര്


ഇടപാടുവിവരങ്ങള് അയക്കാനും സ്വീകരിക്കാനും സാധിക്കുന്ന കമ്മ്യൂണിക്കേഷന്സ് ഇന്ഫ്രാസ്ട്രക്ച്ചറുകളിലേക്ക് കണക്ട് ചെയ്തിട്ടുള്ള ഡിജിറ്റല് ഡിവൈസുകള് ഉപയോഗിക്കുന്ന റീട്ടെയില് ഏജന്റുമാര് ഉപഭോക്താക്കളെ പണത്തെ ഇലക്ട്രോണിക്കലി സ്റ്റോര്ഡ് വാല്യൂ ആക്കി മാറ്റാനും (ക്യാഷ് ഇന്) സ്റ്റോര്ഡ് വാല്യൂ തിരിച്ച് പണമാക്കി മാറ്റാനും (ക്യാഷ് ഔട്ട്) പ്രാപ്തരാക്കുന്നു.



## ഡിജിറ്റല് ട്രാന്സാക്ഷന് പ്ലാറ്റ്ഫോമുകള് ഉപയോഗിച്ചുള്ള മറ്റ് സാമ്പത്തിക സേവനങ്ങള്

സാമ്പത്തികമായി പുറന്തള്ളപ്പെട്ടവര്ക്കും മതിയായ ശ്രദ്ധ ലഭിക്കാത്തവര്ക്കും ബാങ്കുകളും നോണ് ബാങ്കുകളും പ്രദാനം ചെയ്യുന്നത്. നല്കുന്ന സേവനങ്ങള്- ക്രെഡിറ്റ്, സേവിംഗ്സ്, ഇന്ഷ്വറന്സ്, ഉപഭോക്താക്കളെ ലക്ഷ്യം വെക്കാനും റിസ്ക് നിയന്ത്രിക്കാനും ഡിജിറ്റല് ഡാറ്റയെ ആശ്രയിച്ചുള്ള സുരക്ഷ നല്കുന്നു.





# ഡിജിറ്റല് ഫിനാന്ഷ്യല് സര്വീസ് (ഡിഎഫ്എസ്) എക്കോസിസ്റ്റം

**വസ്തു ലഭ്യമാക്കുന്ന ഡിജിറ്റൽ സാമ്പത്തികസേവനങ്ങൾ**

- ബാങ്കുകൾ
- മറ്റ് ഫൈനാൻഷ്യലുകൾ
- ലൈസൻസ് ഉള്ള ബാങ്കിതരസ്ഥാപനങ്ങൾ

**ഡിജിറ്റൽ സാമ്പത്തികസേവനങ്ങളുടെ ഉപയോഗങ്ങൾ**

- ഫണ്ടുകൾ സ്റ്റോർ ചെയ്യുക
- വാങ്ങൽ
- ബില്ലടക്കൽ
- അയക്കലും സ്വീകരിക്കലും
- കടംവാങ്ങൽ
- സേവിങ്
- ഇൻഷുറൻസ്
- ആസ്തികളും റിസ്കുകളും



CII Confederation of Indian Industry
Digital Saksham

# ഡിജിറ്റല് ഫിനാന്ഷ്യല് സര്വീസ് (ഡിഎഫ്എസ്) എക്കോസിസ്റ്റം

**ഡിജിറ്റൽ സാമ്പത്തികസേവനങ്ങൾ**

- ട്രാൻസാക്ഷൻ അക്കൗണ്ടുകൾ
- പേയ്മെന്റ് സർവീസുകൾ
- സേവിംഗ്സ് അക്കൗണ്ട്
- നിക്ഷേപ സേവനങ്ങൾ
- ലോണുകൾ
- ഇൻഷുറൻസ്

**ഡിജിറ്റൽ സാമ്പത്തികസേവനങ്ങളുടെ ഉപയോക്താക്കൾ**

- ഉപഭോക്താക്കൾ
- കച്ചവടക്കാർ
- ബിസിനസ്
- ഗവൺമെന്റ്
- നോൺ പ്രോഫിറ്റ് ഗ്രൂപ്പുകൾ





CII
Confederation of Indian Industry
Digital Saksham

# ഡിജിറ്റൽ ബാങ്കിംഗ്

സ്മാർട്ട്ഫോണിലോ ടാബ്ലറ്റിലോ ഉള്ള ആപ്പിലൂടെയോ ലാപ്പ്ടോപ്പിലുടെ ആക്സസ് ചെയ്യാവുന്ന ബാങ്കിന്റെ വെബ്സൈറ്റ് ഉപയോഗിച്ചോ ബാങ്കിങ് സേവനങ്ങള് ആസ്വദിക്കാന് ഡിജിറ്റല് ബാങ്കിങ്ങിലൂടെ ഉപഭോക്താക്കള്ക്ക് സാധിക്കുന്നു.
ഈ സേവനങ്ങള്:

- അക്കൗണ്ട് ബാലന്സ് പരിശോധിക്കല്
- ഫണ്ടുകള് മറ്റൊരു അക്കൗണ്ടിലേക്ക് അയക്കല്
- ചെക്ക് ബുക്ക് ഓര്ഡര് ചെയ്യല്
- പാസ്കോഡുകള് മാറ്റല്



CII
Confederation of Indian Industry
Digital Saksham

# സേവിംഗ്സ്:

ഒരു വ്യക്തി തന്റെ വരുമാനത്തില് നിന്ന് ചെലവുകള് കഴിച്ച് പണത്തിന്റെ രൂപത്തിലോ സമാനമായ മറ്റ് രൂപങ്ങളിലോ മിച്ചം വെക്കുന്ന തുകയാണ് സേവിംഗ്സ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഒരു വീടിന്റെ എല്ലാ ചെലവുകളും അടവുകളും കഴിച്ചതിനുശേഷം ബാക്കിയുള്ള പണമാണ് സേവിംഗ്സ്.



# ഡെപ്പോസിറ്റുകള്

ബാങ്കില് സൂക്ഷിച്ചിരിക്കുന്ന പണത്തിന്റെ സാമ്പത്തികമായ പേരാണ് ഡെപ്പോസിറ്റ് എന്നത്. സുരക്ഷിതമായി സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള പണത്തിന്റെ മറ്റൊരു കക്ഷിയിലേക്കുള്ള ട്രാന്സ്ഫര് ആണ് ഡെപ്പോസിറ്റ് എന്ന് പറയുന്നത്.



CII
Confederation of Indian Industry
Digital Saksham

# ലോൺ

ലോൺ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരുതരം കട ഉപാധിയാണ്. ഇതില് ഒരു നിശ്ചിത തുക മറ്റൊരു കക്ഷിക്ക് കടംനല്കുന്നു. ഭാവിയില് അതേ തുകയോ കൂടുതല് തുകയോ തിരിച്ചടക്കും എന്ന വ്യവസ്ഥക്ക് പുറത്താണ് കടം നല്കുന്നത്.

ഒരു വ്യക്തിയോ മറ്റെന്തെങ്കിലുമോ വാങ്ങുന്ന ഒരുതരം കടമാണിത്. ദാതാവ് (സാധാരണഗതിയില് ഒരു കോർപ്പറേഷനോ സാമ്പത്തികസ്ഥാപനമോ ഗവൺമെന്റോ) ഒരു നിശ്ചിത തുക കടക്കാരന് നല്കുന്നു. തിരിച്ച് കടക്കാരന് അതിന്റെ വ്യവസ്ഥകള് അനുസരിക്കാമെന്ന് സമ്മതിക്കുന്നു. ഈ വ്യവസ്ഥകള് എന്നത് ഫിനാൻസ് ചാര്ജുകളോ പലിശയോ തിരിച്ചടവ് തിയതിയോ മറ്റ് വ്യവസ്ഥകളോ ഒക്കെ ഉള്പ്പെടാം. ചില കേസുകളില്, ദാതാവ് തിരിച്ചടവ് ഉറപ്പിക്കുന്നതിനും ലോൺ സുരക്ഷിതമാക്കുന്നതിനും വേണ്ടി ഈട് ആവശ്യപ്പെടാറുണ്ട്.



# ഇന്ഷുറന്സ്

ഒരു ഇന്ഷുറന്സ് കമ്പനിയില് നിന്നും നഷ്ടങ്ങളുടെ സാഹചര്യത്തില് ഒരു വ്യക്തിയോ മറ്റോ സാമ്പത്തികസംരക്ഷണമോ പണമോ സ്വീകരിക്കുന്ന ഒരു പോളിസിയിലൂടെ പ്രതിനിധീകരിക്കപ്പെടുന്ന ഉടമ്പടിയാണ് ഇന്ഷുറന്സ് എന്നത്.



ഒട്ടനവധി തരത്തിലുള്ള ഇന്ഷുറന്സ് പോളിസികള് ലഭ്യമാണ്. ഏത് വ്യക്തിക്കും ബിസിനസിനും അവര്ക്ക് ഇന്ഷുറന്സ് നല്കാന് തയ്യാറുള്ള ഒരു കമ്പനിയെ വെര്ച്ചല് ആയി തന്നെ കണ്ടെത്താന് സാധിക്കും-ഒരു തുകക്കുവേണ്ടി. ഓട്ടോ, ആരോഗ്യം, വീടുടമകള്, ജീവന് എന്നിവയാണ് ഏറ്റവും സാധാരണയായ ഇന്ഷുറന്സ് പോളിസികള്.



# ഡെപ്പോസിറ്റ് ഇന്ഷ്വറന്സ്

ഡെപ്പോസിറ്റ് ഇന്ഷ്വറന്സ്, ക്രെഡിറ്റ് ഗ്യാരണ്ടീ കോര്പ്പറേഷന് എന്നിവ വഴി അഞ്ച് ലക്ഷം രൂപ വരെയുള്ള ബാങ്ക് ഡെപ്പോസിറ്റുകള്ക്ക് സമ്പൂര്ണ ഇന്ഷ്വറന്സ് പരിരക്ഷയുണ്ട്. വ്യാവസായിക ബാങ്കുകള് (പ്രാദേശിക ഗ്രാമീണ ബാങ്കുകള് ഉള്പ്പെടെ) സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലുമുള്ള സഹകരണ ബാങ്കുകള് പോലെയുള്ള ഇന്ത്യയില് പ്രവര്ത്തിക്കുന്ന ബാങ്കുകള് എന്നിവയൊക്കെ കോര്പ്പറേഷന് വഴി ഇന്ഷ്വര് ചെയ്യപ്പെട്ടതാണ്. ഒരു ബാങ്ക് നഷ്ടത്തിലോ പുനര്നിര്മാണത്തിലോ ഏകീകരിക്കപ്പെടുകയോ ചെയ്താല് കോര്പ്പറേഷന് തങ്ങളുടെ പ്രവര്ത്തനമാരംഭിക്കും.



CII
Confederation of Indian Industry
Digital Saksham

# ഫാക്ടറിങ്

ഒരു കമ്പനി ഒരു അക്കൗണ്ട് റിസീവബിളുകളെ  ഒരു മൂന്നാം കക്ഷിക്ക് (ഫാക്ടര്) ഡിസ്കൗണ്ടില് വില്ക്കുന്ന തരത്തിലുള്ള സാമ്പത്തിക ഇടപാടാണ് ഫാക്ടറിങ്.

റീകോഴസോടുകൂടിയോ അല്ലാതെയോ ഫാക്ടറിങ് നടക്കാം.

ഡയറക്റ്റ് ഫാക്ടറിങും ടു ഫാക്ടര് സിസ്റ്റവും സാധാരണഘതിയില് ഉപയോഗിക്കപ്പെടുന്ന മോഡലുകളാണ്.



# ഫാക്ടറിങ്

**ആഭ്യന്തര ഫാക്ടറിങ് ഇടപാടില് ഉള്പ്പെട്ടിട്ടുള്ള കക്ഷികള്**

**അസൈനര്:** സൗകര്യം ഉപയോഗിക്കുന്ന, ബാങ്ക് വാങ്ങുന്ന റിസീവബിളുകളുടെ വില്പ്പനക്കാരന്

**ഡെറ്റര്:** റീകോഴ്സ് ഫാക്ടറിങ് ഇല്ലാതെ ബാങ്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ചരക്ക്-സേവനങ്ങളുടെ ക്രേതാവ്.

**അസൈനി:** അസൈനറില് നിന്നും റിസീവബിളുകള് വാങ്ങുന്ന സാമ്പത്തിക സ്ഥാപനം ഇന്ലന്റ് ബില്ലുകളെ ഫാക്ടര് ചെയ്യുകയും അസൈനര്ക്ക് ഇന്വോയ്സുകള്ക്കുള്ള ഫണ്ട് നല്കുകയും ചെയ്യുന്നു.




CII
Confederation of Indian Industry
Digital Saksham

# ഇടപാടടിസ്ഥാനത്തിലുള്ള കടംകൊടുക്കല്

പറയപ്പെട്ട ബിസിനസിന് കടം നല്കണോ വേണ്ടയോ എന്ന് തീരുമാനിക്കാന് ഡാറ്റ ഉപയോഗിച്ച് കമ്പനിയുടെ സാമ്പത്തികആരോഗ്യം വിലയിരുത്തുന്നു.

പര്ച്ചേസ്, പേയ്മെന്റ് വിവരങ്ങള്, ഉപഭോക്തൃ അവലോകനങ്ങള്, കൈകാര്യം ചെയ്ത ഉല്പ്പന്നങ്ങള് എന്നീ വിവരങ്ങള് പരിശോധിക്കുന്നു.





CII
Confederation of Indian Industry
Digital Saksham

# ഡിജിറ്റല് സാമ്പത്തിക ഇടപാടുകള്

# 07

# കാര്ഡ് പേയ്മെന്റുകള്- ഡെബിറ്റ് കാര്ഡും ക്രെഡിറ്റ് കാര്ഡും

- ഡെബിറ്റ് കാര്ഡും ക്രെഡിറ്റ് കാര്ഡും ഡിജിറ്റല് സാമ്പത്തിക ഇടപാടിന്റെ രണ്ട് പ്രധാനപ്പെട്ട രീതികളാണ്. ഇത് പണത്തെ ആശ്രയിക്കാതെ അനായാസമായി ഇടപാട് നടത്താന് ഉപയോക്താവിനെ സഹായിക്കുന്നു. വ്യക്തിഗത ഇടപാടുകള്ക്കും ബിസിനസ് ഇടപാടുകള്ക്കും കാര്ഡ് പേയ്മെന്റുകള് ഉപയോഗിക്കുന്നു.

- ഉദാഹരണം: ഡെബിറ്റ് കാര്ഡ്, ക്രെഡിറ്റ് കാര്ഡ്, കൊമേഴ്ഷ്യല് കാര്ഡുകള്- ഇന്സ്റ്റാള്മെന്റ് കാര്ഡ്, ബിസിനസ് ഡെബിറ്റ് കാര്ഡ്, ബിസിനസ് ക്രെഡിറ്റ് കാര്ഡ്.






CII
Confederation of Indian Industry
Digital Saksham

# ഇന്റര്‍നെറ്റ് ബാങ്കിങ്

സ്മാര്‍ട്ട്ഫോണോ ടാബ്ലറ്റോ ലാപ്പ്ടോപ്പോ ഉപയോഗിച്ച് നിങ്ങളുടെ ബാങ്ക് അക്കൗണ്ട് ഇടപാടുകള്‍ നടത്താന്‍ ഇന്റര്‍നെറ്റ് ബാങ്കിങ്ങിലൂടെ സാധിക്കുന്നു. വ്യത്യസ്ത രീതികളിലൂടെ ഇന്റര്‍നെറ്റ് ബാങ്കിങ് ഉപയോഗിച്ച് പണമിടപാട് നടത്താന്‍ സാധിക്കും.





CII
Confederation of Indian Industry
Digital Saksham

# ഇന്ററര്നെറ്റ് ബാങ്കിങ്

## നാഷണല് ഇലക്ട്രോണിക് ഫണ്ട്സ് ട്രാന്സ്ഫര് (എന്ഇഎഫ്ടി)

- റിസര്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയില് പ്രവര്ത്തിക്കുന്ന ഒരു ദേശീയ കേന്ദ്രീകൃത പേയ്മെന്റ് സംവിധാനമാണ് എന്ഇഎഫ്ടി. വ്യക്തികള്ക്കും കമ്പനികള്ക്കും മറ്റ് വ്യക്തികളിലേക്കോ കമ്പനികളിലേക്കോ ഇലക്ട്രോണിക് ആയി പണമയക്കാന് ഇതിലൂടെ സാധിക്കുന്നു.

- അക്കൗണ്ട് ഉടമ പണം സ്വീകരിക്കുന്ന ആളുടെ പേര്, അക്കൗണ്ട് തരം (സേവിംഗ്സ്, മറ്റുള്ളവ), അക്കൗണ്ട് നമ്പര്, ബ്രാഞ്ചുകളെ തിരിച്ചറിയാന് സഹായിക്കുന്ന ഇന്ത്യന് ഫിനാന്ഷ്യല് സിസ്റ്റം കോഡ് (ഐഎഫ്എസ്സി) തുടങ്ങിയ അക്കൗണ്ട് വിവരങ്ങള് നല്കേണ്ടതുണ്ട്.



CII
Confederation of Indian Industry
Digital Saksham

# ഇന്ററ്നെറ്റ് ബാങ്കിങ്

## റിയല് ടൈം ഗ്രോസ് സെറ്റില്മെന്റ് (ആര്ടിജിഎസ്)

ഏതെങ്കിലും രണ്ട് അക്കൗണ്ടുകള് തമ്മില് വേഗത്തിലുള്ള പണമിടപാട് സാധ്യമാക്കുന്ന ഒരു റിയല് ടൈം സെറ്റില്മെന്റ് സംവിധാനമാണ് ആര്ടിജിഎസ്. 'റിയല് ടൈം' എന്നതുകൊണ്ടുദ്ദേശിക്കുന്നത് നിര്ദ്ദേശങ്ങള് ലഭിക്കുന്ന അതേസമയം തന്നെ അത് പ്രൊസസ് ചെയ്യുന്നു എന്നുള്ളതാണ്. 'ഗ്രോസ് സെറ്റില്മെന്റ്' എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഫണ്ട് ട്രാന്സ്ഫര് നിര്ദ്ദേശങ്ങള് ഒറ്റക്കൊറ്റക്ക് സെറ്റില് ചെയ്യുന്നു എന്നുള്ളതാണ്. ആര്ടിജിഎസ് വഴിയുള്ള പേയ്മെന്റുകള് അന്തിമവും പിന്വലിക്കാന് സാധിക്കാത്തതുമാണ്.



# ഇന്റർനെറ്റ് ബാങ്കിങ്

## ഇമ്മീഡിയറ്റ് പേയ്മെന്റ് സർവീസ് (ഐഎംപിഎസ്)


നാഷണല് പേയ്മെന്റ് കോർപ്പറേഷന് ഓഫ് ഇന്ത്യ (എന്പിസിഐ) ലഭ്യമാക്കുന്ന ഒരു ഉല്പ്പന്നമാണ് ഐഎംപിഎസ്. മൊബൈല് വഴിയും ഇന്റർനെറ്റ് വഴിയും എടിഎം, എസ്എംഎസ് എന്നിവ വഴിയും ഉപയോഗിക്കാവുന്ന ഈ സൗകര്യം 24x7 സമയവും ഇന്സ്റ്റന്റ് ഫണ്ട് ട്രാന്സ്ഫർ സാധ്യമാക്കുന്നു.



# യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ)

നാഷണല് പേയ്മെന്റ് കോര്പ്പറേഷന് ഓഫ് ഇന്ത്യ (എന്പിസിഐ) വികസിപ്പിച്ചെടുത്ത ഒരു സംവിധാനമാണ് ഇത്. ഒരു മൊബൈല് ആപ്പിലൂടെ ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളുടെ ഊര്ജം യുപിഐ ഉപയോഗിച്ച് ഒന്നിപ്പിക്കാന് സാധിക്കുന്നു. അതിരുകളില്ലാത്ത ഫണ്ട് കൈമാറലും മെര്ച്ചന്റ് പേയ്മെന്റുകളും ഇതിലൂടെ സാധിക്കുന്നു. സൗകര്യത്തിനും ആവശ്യത്തിനുമനുസരിച്ച് ഷെഡ്യൂള് ചെയ്യാവുന്നതും അടക്കാവുന്നതുമായ 'പിയര് ടു പിയര്' കളക്റ്റ് റിക്വസ്റ്റ് സൗകര്യവും യുപിഐയില് ഉണ്ട്.





Confederation of Indian Industry
Digital Saksham

# ആധാര് എനബിള്ഡ് പേയ്മെന്റ് സിസ്റ്റം (എഇപിഎസ്)

ആധാര് ഓതന്റിക്കേഷന് ഉപയോഗിച്ച് ഏത് ബാങ്കിന്റെയും ബിസിനസ് കറസ്പോണ്ടന്റ്(ബിസി)/ബാങ്ക് മിത്രയിലൂടെ പിഒഎസില് (പോയന്റ് ഓഫ് സെയില്/മൈക്രോ എടിഎം) പരസ്പരപ്രവര്ത്തനക്ഷമമായ ഓണ്ലൈന് സാമ്പത്തിക ഇടപാടുകള് അനുവദിക്കുന്ന മോഡലാണ് എഇപിഎസ്.




Confederation of Indian Industry
Digital Saksham

# ഇ വാലറ്റ്

ഇ വാലറ്റ് എന്നത് ഒരുതരം പ്രീപെയിഡ് അക്കൗണ്ടാണ്.
ഇതില് ഒരു ഉപയോക്താവിന് ഭാവി ഓണ്ലൈന്
ഇടപാടുകള്ക്ക് വേണ്ടി പണം സൂക്ഷിക്കാന്
സാധിക്കും.





# ഉദ്യം രജിസ്ട്രേഷന്

# 08

Confederation of Indian Industry

Digital Saksham

**വെബ്സൈറ്റിലേക്കുള്ള ലിങ്ക്-**

https://udyamregistration.gov.in/Government-India/Ministry-MSME-registration.htm



# ഉദ്യോഗ് ആധാര് നമ്പര്

കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ പദ്ധതികളുടെ ലളിതമായ രജിസ്ട്രേഷനും കവറേജും എംഎസ്എംഇ ഉടമകള്ക്ക് ലഭ്യമാക്കാനായി 2015 ല് സമോള് മീഡിയം മൈക്രോ എന്റര്പ്രൈസ് മന്ത്രാലയം ആരംഭിച്ചതാണ് ഉദ്യോഗ് ആധാര് നമ്പര്.



# ഉദ്യം രജിസ്ട്രേഷന്

പുതിയ നിര്വചനം സ്ഥിരീകരിക്കുന്നതിനും
ബിസിനസ് അനായാസമാക്കുന്നതിനും വേണ്ടി ഇന്ത്യാ
ഗവണ്മെന്റ് ഉദ്യോഗ് ആധാര് നമ്പറിന് പകരം
ആരംഭിച്ചതാണ് ഉദ്യം രജിസ്ട്രേഷന്.



# ഉദ്യം രജിസ്ട്രേഷന്

രജിസ്ട്രേഷന് വേണ്ടിയുള്ള പോര്ട്ടല്

എംഎസ്എംഇയോ ഇഎം രണ്ടോ ആയി ഇതുവരെ രജിസ്റ്റര് ചെയ്യാത്ത പുതിയ സംരംഭകര്ക്ക്

ലിങ്ക്-https://udyamregistration.gov.in/UdyamRegistration.aspx



# ഉദ്യം രജിസ്ട്രേഷന്

ഉദ്യത്തിലേക്ക് മാറുന്നത് (റീ-രജിസ്റ്റര്)

യുഎഎം രജിസ്ട്രേഷന് ഉള്ളവര്ക്ക്

https://udyamregistration.gov.in/UdyamRegistrationExist.aspx

അസിസ്റ്റഡ് ഫയലിങിലൂടെ യുഎഎം ആയുള്ള
നിലനില്ക്കുന്ന രജിസ്ട്രേഷന്

https://udyamregistration.gov.in/Udyam_AssistedMigration.aspx




# ഉദ്യം രജിസ്ട്രേഷന്റെ പ്രത്യേക സവിശേഷതകള്

മുഴുവനായി ഡിജിറ്റലും പേപ്പര് രഹിതവുമായ നടപടിക്രമങ്ങള്. ഒരു രേഖയും അപ്ലോഡ് ചെയ്യേണ്ടതില്ല. രജിസ്ട്രേഷന് നടപടിക്രമങ്ങള് പൂര്ണമായും സൗജന്യം. ഒരു ഫീസും ചെലവും രജിസ്ട്രേഷന് വേണ്ടി ആര്ക്കും നല്കേണ്ടതില്ല.

സവിശേഷതകളുടെ സമ്പൂര്ണമായ ലിസ്റ്റിന് താഴെ കാണുന്ന ലിങ്ക് സന്ദര്ശിക്കുക-

https://udyamregistration.gov.in/docs/Benefits_of_UR.pdf





CII
Confederation of Indian Industry
Digital Saksham

# രജിസ്ട്രേഷന് ആവശ്യമുള്ള രേഖകള്

- ആധാര് നമ്പര്
- പാന്, ജിഎസ്ടി നമ്പറുകള്




# ഉദ്യം രജിസ്ട്രേഷന്റെ ഗുണങ്ങള്

- ഒരു സംരംഭത്തിന് പെര്മനെന്റ് രജിസ്ട്രേഷന് നമ്പറും ബേസിക് തിരിച്ചറിയല് നമ്പറും.
- സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തില് പേപ്പര് രഹിത എംഎസ്എംഇ രജിസ്ട്രേഷന്
- ഒരു രജിസ്ട്രേഷനില് തന്നെ എത്ര വേണമെങ്കിലും പ്രവര്ത്തനങ്ങള് (ഉല്പാദനമോ സേവനമോ രണ്ടുമോ) ഉള്പ്പെടുത്താന് സാധിക്കുന്നു.
- പ്രയോരിറ്റി സെക്ടര് ലെന്റിങിന് എംഎസ്എംഇ അര്ഹമാകുന്നു.
- ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം പബ്ലിക് പ്രൊക്യൂര്മെന്റ് പോളിസി, ഗവണ്മെന്റ് ടെന്ററുകളില് അധികസാധ്യത, വൈകിയ പേയ്മെന്റുകള്ക്കെതിരെയുള്ള സുരക്ഷ എന്നിങ്ങനെയുള്ള പദ്ധതികളുടെ ഗുണങ്ങളനുഭവിക്കാനും ഉദ്യം രജിസ്ട്രേഷന് കൊണ്ട് എംഎസ്എംഇകള്ക്ക് സാധിച്ചേക്കും.



Confederation of Indian Industry
Digital Saksham


POWERED BY
NPCI
Getting started with
UPI
UNIFIED PAYMENTS INTERFACE
Download UPI App from PlayStore
Install in Phone
Set App Login
Create virtual address
Add your bank account/s
Set M-PIN
Start transacting using UPI
Welcome to UPI - the Future of Payments
Connect With Us :
UPI
UNIFIED PAYMENTS INTERFACE

# പ്രധാന പാഠങ്ങള്

# 09


Confederation of Indian Industry

Digital Saksham

# പ്രധാന പാഠങ്ങള്

- നല്ല അക്കൗണ്ടന്സിയും ബുക്ക് കീപ്പിങ്ങും അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഉപയോഗവും ബിസിനസുകളെ ചെലവിലുള്ള കുറവ്, കൂടിയ ഉല്പാദനക്ഷമത, ടാക്സ് നിയമങ്ങളുടെ പാലനം, മെച്ചപ്പെട്ട ഉപഭോക്തൃബന്ധങ്ങള് എന്നിവക്കായി സഹായിക്കുന്നു.
- ചരക്ക്-സേവന നികുതി രജിസ്ട്രേഷന്, രിട്ടേണുകള്, റീഫണ്ടുകള്, നികുതിയവ് എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെ ലളിതമാക്കുന്നു. അതുകൊണ്ട് ഒന്നിലധികം റെക്കോര്ഡുകള് സൂക്ഷിക്കേണ്ടതില്ലാത്തതിനാല് ബിസിനസ് ചെയ്യാനുള്ള എളുപ്പം വര്ദ്ധിക്കുകയും നിര്വഹണച്ചെലവുകള് കുറയുകയും ചെയ്യുന്നു.
- വ്യക്തികള്ക്കും ബിസിനസിനും അനുയോജ്യമായ സാമ്പത്തിക സേവനങ്ങള് ചെലവുകുറഞ്ഞ ഡിജിറ്റല് രീതികളുപയോഗിച്ച് ചെയ്യുന്നതാണ് ഡിജിറ്റല് സമീപനമുപയോഗിച്ചുള്ള ഫിനാന്ഷ്യല് ഇന്ക്ലൂഷന് എന്നത്.






# പ്രധാന പാഠങ്ങള്

- ഫിനാന്സുമായി ബന്ധപ്പെട്ട വാക്കുകള് പഠിക്കുന്നത് പഠിതാവിന്റെ സാമ്പത്തികസാക്ഷരതയെ മെച്ചപ്പെടുത്തും.
- ഡിജിറ്റല് സാമ്പത്തിക ഇടപാടുകളെക്കുറിച്ചും ഡിജിറ്റല് ഐഡി, നോ യുവര് കസ്റ്റമര് (കെവൈസി) എന്നീ ആശയങ്ങളെക്കുറിച്ചും അവബോധമുണ്ടാകുന്നത് സമയലാഭത്തിലൂടെയും കുറഞ്ഞ ചെലവിലൂടെയും, വര്ദ്ധിച്ച സൗകര്യത്തിലൂടെയും ബിസിനസുകള്ക്ക് ഗുണം ചെയ്യുന്നു.





# നന്ദി!!!

Confederation of Indian Industry

Digital Saksham